# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.9 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 SEPTEMBER

e-paper : vedabhimani


## വാർത്തകൾ വായിക്കുന്നത് റോബോട്ട്



വാർത്ത അവതാരകരുടെ ശ്രദ്ധയ്ക്ക്! നിങ്ങൾക്കു ഭീഷണിയായി റൊബോട്ടുകൾ വരുന്നു. ഒസാക്ക സർവകലാശാലയിലെ ഗവേഷകരുടെ പ്രയത്നം വിജയിച്ചാൽ വാർത്താ അവതാരകർക്കു പണിപോകും. വാർത്ത വായിക്കുന്ന റൊബോട്ടുകളെ കൊഡോമോറോയ്ഡ്, ഓടോനറോയ്ഡ് എന്ന പേരിൽ ടോക്കിയോ മ്യൂസിയത്തിൽ ഗവേഷകർ അവതരിപ്പിച്ചു. ഒറ്റനോട്ടത്തിൽ റൊബോട്ടുകളാണെന്ന് ഇവയെ കണ്ടാൽ തോന്നില്ല. മനുഷ്യചലനങ്ങൾ, വികാരങ്ങൾ എന്നിവ മുഖത്ത് പ്രതിഫലിക്കും. വാക്കുകൾക്കനുസരിച്ചു ചുണ്ടുകളുടെ ചലനവും ക്രമീകരിച്ചിട്ടുണ്ട്. തെറ്റുകൂടാതെ കടുപ്പമേറിയ പദങ്ങൾ പോലും ഉച്ചരിക്കാൻ കഴിയുമെന്നതാണു മറ്റൊരു പ്രത്യേകത. ഇക്കാര്യത്തിലെങ്കിലും റോബോട്ടുകൾ മനുഷ്യനെ പിന്നിലാക്കുമെന്നു ജപ്പാനിലെ റൊബോട്ടിക്സ് വിദഗ്ദനായ ഹിറോഷി ഇഷിഗുറോ വ്യക്തമാക്കി. വായുവിന്റെയും മോട്ടോറുകളുടെയും സഹായത്തോടെയാണ് ഇവയുടെ ചലനം. സ്ത്രീരൂപത്തിലുള്ള റൊബോട്ടുകൾക്കു നിമിഷനേരം കൊണ്ട് പുരുഷ ശബ്ദത്തിലേക്കു മാറാം. വാർത്ത വായിക്കുന്ന റൊബോട്ടുകൾക്കു വില നിശ്ചയിച്ചിട്ടില്ല.

# കർത്താവിന്റെ ദാസൻ

പ്രധാനമന്ത്രി നരേന്ദ്രമോദിക്കു പിന്തുണയുമായി കത്തോലിക്കാ പ്രസിദ്ധീകരണം. അദ്ദേഹത്തിന്റെ വിജയം ദൈവം അറിഞ്ഞും അനുവദിച്ചും ഉണ്ടായതാണെന്നും മോദി സർക്കാരിനെ പ്രാർത്ഥനയിലൂടെ താങ്ങിനിർത്തേണ്ടത് ക്രൈസ്തവ വിശ്വാസികളുടെ കടമയാണെന്നും സൺഡേ ഷാലോം കർത്താവിന്റെ ദാസനായ നരേന്ദ്രമോദി എന്ന തലക്കെട്ടോടെ മുഖപ്രസംഗത്തിൽ വ്യക്തമാക്കി.

നരേന്ദ്രമോദി സർക്കാർ ഒരു മാസം പിന്നിട്ടു കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പുഫലം നൽകിയ ഞെട്ടലിൽ നിന്നും പലരും വിമോചിതരായിട്ടില്ലെന്നു പറഞ്ഞുകൊണ്ടാണു മുഖപ്രസംഗത്തിന്റെ തുടക്കം. ബി.ജെ.പി.യുടെ വളർച്ച ഇന്ത്യയുടെ മതേതരത്വ സംസ്കാരത്തിന്റെ തകർച്ചയ്ക്ക് കാരണമാകുമെന്നു ഭയപ്പെട്ടിരുന്നവരെല്ലാം കോൺഗ്രസ് ജയിക്കുന്നതാണു നല്ലതെന്നു കരുതിയിട്ടുണ്ടാകാമെന്നാണു വാരികയുടെ അഭിപ്രായം. "നരേന്ദ്രമോദി പ്രധാനമന്ത്രിയായി, രാജ്യത്തിന്റെ ഭരണനേതൃത്വം ഏറ്റെടുക്കുമ്പോൾ ചിലർക്കെങ്കിലും അവരുടെ പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം തന്നില്ല എന്നു തോന്നാം. കാരണം, പ്രാർത്ഥനയ്ക്കുത്തരമായി അവർ പ്രതീക്ഷിച്ചത് നരേന്ദ്രമോദിയെ ആകണമെന്നില്ല, ചിലപ്പോൾ മറ്റാരെയെങ്കിലും ആയിരിക്കാം. അങ്ങനെയെങ്കിൽ ദൈവം നമ്മുടെ പ്രാർഥന കേട്ടിട്ടില്ല എന്നാണോ നാം അർഥമാക്കേണ്ടത്?"-മുഖപ്രസംഗത്തിൽ ചോദിക്കുന്നു.

ശത്രുവെന്ന് കരുതുന്നവരിലൂടെ പോലും ദൈവത്തിനു വിശ്വാസികളെ അനുഗ്രഹിക്കാം. അതുകൊണ്ട് നരേന്ദ്ര മോദി സർക്കാരിലൂടെ ദൈവം നാടിനെയും സഭയെയും അനുഗ്രഹിക്കും എന്നാണ് മുഖപ്രസംഗത്തിലെ നിലപാട്.

**പറയാതെ വയ്യ:** ജാതിമത വർഗ്ഗീയ സർക്കാരിലൂടെ ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കും എന്നു പറയുന്നവർക്ക് വിവരവും ബോധവും ഇല്ലായെന്ന് പറയേണ്ടിയിരിക്കുന്നു. കർത്താവാരെന്നും കർത്താവിന്റെ ദാസൻ എങ്ങനെയുള്ളവനെന്നും അറിയാത്ത ഇവർ കാര്യസാദ്ധ്യത്തിന് ചെകുത്താനെയും സേവിക്കാൻ മടികാണിക്കുന്നില്ല. ഇവർ പറയുന്നത് എന്തെന്നറിയായ്കയാൽ ഇവരോട് ദൈവം ക്ഷമിക്കട്ടെ.



SUNDAY SHALOM

THE FIRST WEEKLY NEWSPAPER IN MALAYALAM

EDITORIAL | LATEST | MAIN NEWS | INTERNATIONAL | NATIONAL | LOCAL | VIEWS | MAGAZINE | FEATURED | SPECIAL | SUPPLEMENT

Friday, 11 July 2014 11:10

കർത്താവിന്റെ ദാസനായ നരേന്ദ്രമോദി

Written by ബെന്നി പുന്നത്തറ (ചീഫ് എഡിറ്റർ)

MORE LOCAL NEWS

'പ്രതിസന്ധി ദിനങ്ങളിൽ കരുത്തായത് അഖണ്ഡ ജപമാല'

**ക്രൈസ്തവരുടെ പ്രാർത്ഥനയ്ക്ക് ദൈവം തന്ന ഉത്തരമാണ് മോദി എന്ന് സൺഡേ ശാലോം. അപ്പോൾ പ്രാർത്ഥന എന്തായിരുന്നു? പീഡാനുഭവത്തിനായി ഞങ്ങളെ ഒരുക്കേണമേ.**

## കൗടില്യ അക്കാദമി



ഓർമശക്തിയുടെ പേരിൽ ലോകപ്രശസ്തനായ ഹരിയാനയിലെ ആറുവയസുകാരൻ കൗടില്യ സ്വന്തം അക്കാദമിയുമായി രംഗത്ത്. ഓർമശക്തി വർധിപ്പിക്കാനുള്ള സൂത്രവിദ്യകളാണു ഹരിയാനയിലെ പാഞ്ചകുളയിലെ സെക്ടർ അഞ്ചിൽപ്പെട്ട മാൻസാ ദേവി കോംപ്ലക്സിൽ അടുത്തമാസം മുതൽ തുടങ്ങുന്ന ഗൂഗിൾ ബോയ് അക്കാദമി ഫോർ എക്സലൻസിൽ കൗടില്യ പഠിപ്പിക്കുക. എല്ലാവർക്കും ഇവിടെ പ്രവേശനമുണ്ടെന്നു കരുതിയാൽ തെറ്റി. കൗടില്യയുടെ സമാന പ്രായക്കാർക്കാണ് പ്രവേശനം. മകന്റെ അപാരമായ ഓർമ്മശക്തി അറിഞ്ഞ പിതാവ് സതീഷ് ശർമയാണ് അക്കാദമി തുടങ്ങാൻ മുന്നിട്ടിറങ്ങിയത്. സ്ഥാപനത്തിന്റെ മേൽനോട്ടം സതീഷ്ശർമയ്ക്കായിരിക്കുമെങ്കിലും അധ്യാപകൻ കൗടില്യയായിരിക്കും. കാര്യങ്ങൾ ഓർമിക്കാനുള്ള കുറുക്കുവഴികളായിരിക്കും അക്കാദമിയിൽ പഠിപ്പിക്കുക. ഇതിനായി ഏതാനും ഹ്രസ്വകാല കോഴ്സുകൾ തുടങ്ങും. അക്കാദമിയിൽ ചേരുന്നതിനു പ്രവേശനപരീക്ഷയും ഐക്യൂ പരീക്ഷയും മറ്റുമുണ്ടായിരിക്കും. ഒരാഴ്ചയോളം ഈ ടെസ്റ്റുകൾ നീണ്ടുനിൽക്കും. ഓർമശക്തി പഠനത്തിന്റെ ഭാഗമായി ഡിബേറ്റ്, കൈയക്ഷരം നന്നാക്കൽ, ചിന്താശക്തി, ഉപഗ്രഹശാസ്ത്രം, വാനനിരീക്ഷണം, ഭൗമശാസ്ത്രം, അടിസ്ഥാന ഗണിതശാസ്ത്രം, ഇംഗ്ലീഷ് ഗ്രാമർ, ഹിന്ദി ഗ്രാമർ എന്നീ ക്ലാസുകളും വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലനവും അക്കാദമിയിൽ നൽകും.

# സോറി, ഐൻസ്റ്റീനും തെറ്റി




പ്രകാശവേഗം സംബന്ധിച്ചു ആൽബർട്ട് ഐൻസ്റ്റീന്റെ കണക്ക് തെറ്റി. മേരിലാൻഡ് സർവകലാശാലയിലെ ഗവേഷകരുടെ കണ്ടെത്തൽ ശാസ്ത്രലോകം അംഗീകരിച്ചാൽ ഭൗതികശാസ്ത്രത്തിലെ പല കണക്കുകളും തെറ്റും. ശൂന്യതയിലൂടെ സഞ്ചരിക്കുമ്പോൾ പ്രകാശത്തിന്റെ വേഗം സെക്കൻഡിൽ 2,99,792 കിലോമീറ്ററാണെന്നായിരുന്നു ഐൻസ്റ്റീൻ കണ്ടെത്തിയത്. ശൂന്യതയിൽ ഈ വേഗതയ്ക്കു മാറ്റമുണ്ടാകില്ലെന്നും 1905-ൽ അദ്ദേഹം അവതരിപ്പിച്ച പ്രബന്ധം വ്യക്തമാക്കി.

ബാർട്ടിമോർ കേന്ദ്രീകരിച്ചു ഗവേഷണം നടത്തുന്ന ജയിംസ് ഫ്രാൻസൺ ആണു ഐൻസ്റ്റീന്റെ കണക്കുകൂട്ടലിൽ തെറ്റുണ്ടെന്ന് കണ്ടെത്തിയത്. എസ്.എൻ. 1987എ എന്ന സൂപ്പർനോവയിൽ നിന്നുള്ള പ്രകാശം എത്തിയ വേഗമാണ് അദ്ദേഹത്തിൽ സംശയം ഉണർത്തിയത്.

പ്രകാശത്തെക്കാൾ വേഗത്തിൽ മറ്റൊന്നും സഞ്ചരിക്കില്ലെന്നും ഐൻസ്റ്റീൻ നിലപാടെടുത്തിരുന്നു.

1987ലാണ് ഈ നക്ഷത്രം തകരുന്നത് ഭൂമിയിലുള്ള ദൂരദർശിനികളിൽ പതിയുന്നത്. എന്നാൽ നക്ഷത്രത്തിൽനിന്നുള്ള ന്യൂട്രീനോകൾ ഭൂമിയിൽ ലഭ്യമായശേഷം 4.7 മണിക്കൂറിനുശേഷമാണു പ്രകാശം ദൂരദർശിനികളിൽ പതിഞ്ഞത്. ശൂന്യതയിലെ ധ്രുവീകരണത്തെ തുടർന്നാണു പ്രകാശം വൈകിയതെന്നാണു ഗവേഷകരുടെ നിഗമനം.

ജയിംസ് ഫ്രാൻസണിന്റെ വിശദീകരണം അംഗീകരിച്ചാൽ പ്രപഞ്ചത്തിൽ ദൂരം സംബന്ധിച്ചുള്ള കണക്കുകൾ തിരുത്തേണ്ടിവരും. നക്ഷത്രങ്ങളിലേക്കുള്ള ദൂരം പ്രകാശവർഷത്തിന്റെ അടിസ്ഥാനത്തിലാണു കണക്കാക്കുന്നത്. ന്യൂജേർണൽ ഓഫ് ഫിസിക്സിൽ പ്രസിദ്ധീകരിച്ച ഡോ. ഫ്രാൻസണിന്റെ പ്രബന്ധം ശാസ്ത്രലോകത്തിന്റെ വിശകലനത്തിലാണ്. ഫ്രാൻസണിന്റെ നിഗമനത്തെ എതിർക്കുന്നവരും പ്രകാശത്തിന്റെ വേഗം സംബന്ധിച്ച് ഐൻസ്റ്റീന്റെ നിലപാട് തെറ്റാനുള്ള സാധ്യത അംഗീകരിക്കുന്നുണ്ട്.

## കൻസി ബിസിയാണ്



കൻസി എപ്പോഴും ബിസിയാണ്... ഭക്ഷണം പാകം ചെയ്യുക, കമ്പ്യൂട്ടർ ഗെയിം കളിക്കുക, തീ കത്തിക്കുക തുടങ്ങി കൻസിക്ക് ചെയ്യേണ്ട ജോലികൾ ഏറെ. കൻസി ആരാണെന്ന് അറിയേണ്ടേ? ചിമ്പാൻസി വർഗത്തിൽപെട്ട ബൊണോബോയാണ്. മനുഷ്യൻ ചെയ്യുന്നത് പോലെ കാര്യങ്ങൾ ചെയ്യാൻ ഈ ആൾക്കുരങ്ങിനാകും. കൻസിക്ക് 33 വയസുണ്ട്. ടെക്കോ എന്ന നാലു വയസുള്ള ഒരു കുട്ടിക്കുരങ്ങിന്റെ പിതാവ് കൂടിയാണ് കൻസി. ആശയവിനിമയം ചെയ്യാൻ സാധിക്കുമെന്നതാണ് അവന്റെ ഏറ്റവും വലിയ പ്രത്യേകത. ഇംഗ്ലീഷ് വാക്കുകളുടെ അറിവും കൻസിക്കുണ്ട്. കീബോർഡ് ഉപയോഗിച്ച് 500 ഓളം വാക്കുകൾ പറയാൻ സാധിക്കുന്നുണ്ട്. മൂവായിരത്തോളം വാക്കുകൾ കൻസിക്ക് മനസിലാകും. നേരിട്ട് പരിശീലനം നൽകാതെ ഭാഷ വശമാക്കിയ ആദ്യത്തെ ആൾക്കുരങ്ങാണ് ഇവൻ. കൻസിയുടെ പോറ്റമ്മയെ പരിശീലിപ്പിച്ചപ്പോൾ മനുഷ്യക്കുഞ്ഞുങ്ങളെ പോലെ കണ്ടും കേട്ടും ശ്രദ്ധിച്ചും പഠിക്കുകയായിരുന്നു. പ്രോത്സാഹനം കിട്ടിയപ്പോൾ തന്റെ നിരീക്ഷണ പാടവം കൊണ്ട് അവൻ കൂടുതൽ കഴിവുകൾ ആർജിച്ചു. കൻസിക്ക് ഇപ്പോൾ ഭക്ഷണം പാചകം ചെയ്യാനും കല്ലു കൊണ്ട് മൂർച്ചയുള്ള ആയുധങ്ങളുണ്ടാക്കാനും സാധിക്കുന്നു. പാക്മാൻ ഗെയിം കളിക്കാനും അവന് അറിയാം. കളിക്കുക മാത്രമല്ല ആദ്യ ലെവൽ മറികടക്കാനും കഴിയും. പല മനുഷ്യർക്കും സാധിക്കാത്തതാണ് ഇത്.

## മൂക്കൻ റെക്കോഡ്!

സെക്കന്റുകൾ കൊണ്ട് ഒരു വാചകം ടൈപ്പ് ചെയ്യുക. അതും മൂക്കുകൊണ്ട്! ചിന്തിക്കാനാകുമോ? എങ്കിൽ ഈ അപൂർവ്വ റെക്കോഡ് സ്വന്തമാക്കിയിരിക്കുകയാണ് മുഹമ്മദ് ഖുർഷിദ് ഹുസൈൻ എന്ന ആന്ധ്രാപ്രദേശുകാരൻ. 48.62 സെക്കന്റുകൾ കൊണ്ട് 'Guinness world records have challenged me to type this sentence using my nose in the fastest time' എന്ന വാചകം കംപ്യൂട്ടറിൽ ടൈപ്പ് ചെയ്താണ് ഹുസൈൻ തന്റെ ഗിന്നസ് റെക്കോഡിലെത്തിയത്.




ചെയർമാൻ ടി.എം. വർഗ്ഗീസ് | ഡിറക്ടർ ഏബ്രഹാം മത്തായി | മാനേജർ തോമസ് വർക്കി | ചീഫ് എഡിറ്റർ ടൈറ്റസ് കാർത്തികപ്പള്ളി | വാർഷിക വരിസംഖ്യ ഇന്ത്യ - Rs.150 | മറ്റ് രാജ്യങ്ങൾ - Rs.2000 | വരിസംഖ്യ അയക്കേണ്ട വിലാസം വേദാഭിമാനി, കേരള 690516

# ഭാരം ചുമക്കുന്നവർക്ക് ഒരു കൈത്താങ്ങൽ



രാജ്യം വലിയ സാമ്പത്തിക കുതിപ്പിലേക്കും സംസ്ഥാനം പുതിയ വികസനവഴികളിലേക്കുമൊക്കെ കുതിച്ചുപായുകയാണെന്നു രാഷ്ട്രീയ നേതാക്കളും ഭരണകർത്താക്കളുമെല്ലാം ആവേശത്തോടെ പറയുമ്പോഴും ഈ വികസനവഴികളിൽ കുറെ മനുഷ്യർ ഈയാംപാറ്റകളെപ്പോലെ ചിറകു കരിഞ്ഞു വീഴുന്നത് ആരും ശ്രദ്ധിക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധികളും കുടുംബപ്രശ്നങ്ങളും കൂട്ട ആത്മഹത്യയിലവസാനിക്കുന്ന എത്രയോ സംഭവങ്ങളാണ് ദിവസേനയെന്നോണം നാം കേൾക്കുന്നതും കാണുന്നതും. മെട്രോയും സ്മാർട്ട് സിറ്റിയും മാത്രമല്ല വികസനമെന്നും സാധാരണ മനുഷ്യർക്കു ജീവിക്കാനുള്ള സാഹചര്യം ഒരുക്കുന്നതാണു യഥാർത്ഥ വികസനമെന്നും നാം മനസിലാക്കേണ്ടിയിരിക്കുന്നു.

നിസാര പ്രശ്നങ്ങളുടെ പേരിലും പെട്ടെന്നുള്ള പ്രകോപനത്തിലുമൊക്കെ ജീവനൊടുക്കാനുള്ള പ്രവണത മലയാളികളുടെ ഇടയിൽ വർധിച്ചുവരുന്നതു വലിയൊരു സാമൂഹ്യപ്രശ്നം തന്നെയാണ്. ഭരണാധികാരികളും സാമൂഹ്യ, സാംസ്കാരിക പ്രവർത്തകരും മതനേതൃത്വങ്ങളുമെല്ലാം ഇക്കാര്യം വളരെ ഗൗരവത്തോടെ എടുക്കേണ്ടതുണ്ട്. അത്യന്തം ആശങ്കാജനകമായൊരു അവസ്ഥയിലേക്കു മലയാളിയുടെ മാനസികാരോഗ്യം തകരുന്നു എന്നതാണ് ഇവിടെ ആത്മഹത്യകൾ വർധിച്ചുവരുന്നതിനു പിന്നിലുള്ള സാമൂഹിക യാഥാർഥ്യം. വാഹനാപകടങ്ങളിൽ കൊല്ലപ്പെടുന്നതിനേക്കാൾ കൂടുതൽ ആളുകൾ ആത്മഹത്യ ചെയ്യുന്ന സംസ്ഥാനം എന്നതു കേരളത്തിന്റെ മാനസികാരോഗ്യരംഗത്തെ ശോചനീയാവസ്ഥയുടെ തെളിവാണ്.

വിദ്യാഭ്യാസരംഗത്തും സാംസ്കാരിക രംഗത്തും ഉയർന്ന നിലവാരം പുലർത്തുന്നുവെന്നഭിമാനിക്കുന്ന ഒരു സംസ്ഥാനത്ത് മാനസികാരോഗ്യം തകർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹമാണു വളർന്നുവരുന്നതെങ്കിൽ ആ സംസ്ഥാനത്തിന്റെ ഭാവി എത്രയോ ഇരുളടഞ്ഞതായിരിക്കും. തൊണ്ണൂറുകളിൽ രാജ്യത്ത് ഏറ്റവും ഉയർന്ന ആത്മഹത്യനിരക്കുണ്ടായിരുന്ന സംസ്ഥാനം കേരളമായിരുന്നു. ദേശീയ ശരാശരിയേക്കാൾ പലമടങ്ങ് ഉയർന്ന ഈ നിരക്ക് ഏറെ ആശങ്ക ഉണർത്തിയിരുന്നു. ഇതേത്തുടർന്നു മാനസികാരോഗ്യ സംരക്ഷണരംഗത്ത് ചില കർമപദ്ധതികൾ നടപ്പാക്കി. സർക്കാർ സംവിധാനങ്ങൾ കൂടാതെ മത-സാമൂഹ്യ സംഘ



ടനകളും പ്രസ്ഥാനങ്ങളുമൊക്കെ ഇക്കാര്യത്തിൽ കുറെ ശുഷ്കാന്തി കാണിക്കുകയും ചെയ്തു. സ്കൂളുകളിലും കോളേജുകളിലും കൗൺസലിംഗ് വ്യാപകമാക്കിയതും കുറെ പ്രയോജനപ്പെട്ടു. ഇതിനെല്ലാം തുടർപ്രവർത്തനങ്ങളുമുണ്ടാകണം.

കുമാരനല്ലൂരിലെ റെയിൽപാളത്തിൽ ജീവനൊടുക്കാനെത്തിയ അമ്മ കുറേനാളായി കൂട്ടത്തോടെ മരിക്കുന്നതിനെക്കുറിച്ചു കുട്ടികളോടു പറയാറുണ്ടായിരുന്നുവത്രേ, സാമ്പത്തിക ബാധ്യതകളാണ് കാരണമായി ആ അമ്മ കുട്ടികളോടു പറഞ്ഞിരുന്നത്. തങ്ങൾ വളർന്നു വലുതായി ജോലി കിട്ടുമ്പോൾ കടമൊക്കെ വീട്ടിക്കൊള്ളാമെന്ന് ആ കൊച്ചു കുട്ടികൾ അമ്മയോടു പറയാറുണ്ടായിരുന്നുവെന്നു രക്ഷപ്പെട്ട കുട്ടികളുമായി സംസാരിച്ച മാധ്യമപ്രവർത്തകരുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. മരിക്കേണ്ടെന്നു കേണപേക്ഷിച്ച കുട്ടികളുടെ രോദനത്തിനുമുന്നിലും ഇളക്കമില്ലാത്ത മാതൃഹൃദയത്തെ കുറ്റപ്പെടുത്തുന്നതിലുപരി അത്തരമൊരു അവസ്ഥയിലേക്ക് അവരെ നയിച്ച സാഹചര്യമാണു നാം മനസിലാക്കേണ്ടത്.

പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യാൻ കുട്ടികൾക്കു കരുത്തുപകർന്നു നൽകേണ്ട മാതാപിതാക്കൾ അവരെ ജീവനൊടുക്കാൻ പ്രേരിപ്പിക്കുന്നതിനേക്കാൾ വലിയ പാതകം എന്താണുള്ളത്? ഇവിടെ സമൂഹത്തിനും ചില ഉത്തരവാദിത്വങ്ങളുണ്ട്. മതസംഘടനകളും സാമൂഹ്യ, സാംസ്കാരിക പ്രസ്ഥാനങ്ങളും ഏറെ സജീവമായ സംസ്ഥാനമാണു കേരളം. സമാധാനപൂർണമായ കുടുംബജീവിതം നയിക്കുന്നതിനും വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമൊക്കെ ഓരോ സമുദായവും അവരുടേതായ സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ട്. ഇതൊക്കെയായിട്ടും ജീവിതം റെയിൽ പാളത്തിലോ പുഴയിലോ കയറിലോ ഒക്കെ ഒടുക്കാൻ പലരും തയാറാകുന്ന സാമൂഹിക സാഹചര്യം വിലയിരുത്തേണ്ടതുണ്ട്.

കുട്ടികൾ പ്രകടിപ്പിക്കുന്ന മാനസികധൈര്യംപോലും മുതിർന്നവർ കാട്ടുന്നില്ലെന്ന കാര്യവും ഇത്തരം സംഭവങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്കു മനസിലാക്കാനാവും. അധ്വാനിക്കാൻ ശേഷിയുള്ളവർ തങ്ങൾക്കു താങ്ങാവുന്നതിനുമപ്പുറമുള്ള ഭാരം തലയിൽ കയറ്റിവയ്ക്കുമ്പോഴാണു വലിയ തകർച്ചയിലേക്കുള്ള വഴി തുറക്കുന്നത്.

ജീവിതത്തെ സ്നേഹിക്കാനും ജീവിത പ്രാരാബ്ദങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കാനുമുള്ള കെല്പ് വ്യക്തികൾക്കു നേടിക്കൊടുക്കാൻ ആത്മീയ പ്രസ്ഥാനങ്ങളും സമൂഹവും ഭരണകൂടവും സമൂഹത്തിലെ ധാർമികശക്തികളെന്നു പറയുന്നവരും ഒരുപോലെ ശ്രമിക്കേണ്ടതുണ്ട്.

# നമുക്ക് വേണ്ടത് തിരിച്ചറിവ്

ഒരിക്കൽ ഒരു ഗുരുവും അദ്ദേഹത്തിന്റെ ശിഷ്യരും കൂടി തീർത്ഥയാത്ര നടത്തുകയായിരുന്നു. യാത്രയ്ക്കിടയിൽ ഭക്ഷണത്തിനും വിശ്രമത്തിനുമായി അവർക്ക് ഒരു സ്ഥലം ആവശ്യമായിരുന്നു. എന്നാൽ, അവർ ചെന്ന സ്ഥലങ്ങളിലൊന്നും അവരെ സ്വീകരിക്കുവാൻ ആരും തയ്യാറായില്ല. അവർക്കു ഭക്ഷണം നൽകുവാനും ആരും മുന്നോട്ടു വന്നില്ല. തീർഥാടക സംഘത്തിന്റെ മതവിശ്വാസവും ജീവിതരീതിയുമാണ് അവർക്ക് ആതിഥ്യം നൽകുന്നതിൽ നിന്നു പലരെയും പിന്തിരിപ്പിച്ചത്.

വിശ്രമത്തിനും ഭക്ഷണത്തിനും സൗകര്യം ലഭിക്കാതെ വന്നപ്പോൾ ഗുരുവും ശിഷ്യരും കൂടി ഒരു തുറന്ന സ്ഥലത്തു കണ്ട വലിയൊരു മരത്തിന്റെ കീഴിൽ അഭയം പ്രാപിച്ചു. അവിടെ എത്തിയ ഉടനെ ഗുരു ധ്യാനത്തിൽ മുഴുകി. ഇനി എന്താണു ചെയ്യുവാൻ പോകുന്നത് എന്നറിയുവാനുള്ള ആകാംക്ഷയോടുകൂടി അദ്ദേഹത്തിന്റെ ശിഷ്യർ ഒരുമിച്ചുകൂടി.

അപ്പോൾ എല്ലാവരും കേൾക്കത്തക്കവിധം അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു: 'ദൈവമേ, അങ്ങു സ്നേഹനിധിയും കാരുണ്യവാനുമാകുന്നു. ഞങ്ങൾക്ക് ആവശ്യമുള്ളവയെല്ലാം അങ്ങു ഞങ്ങൾക്കു നൽകുന്നു. ദൈവമേ, അങ്ങേയ്ക്കു നന്ദിയും സ്തുതിയും പുകഴ്ചയും...!'

ഈ പ്രാർത്ഥന കേട്ട അദ്ദേഹത്തിന്റെ ശിഷ്യരിലൊരാൾ പറഞ്ഞു: 'ഗുരോ, അങ്ങയുടെ പ്രാർത്ഥ



നയിൽ ആത്മാർത്ഥതയില്ല. നമ്മൾ വിശപ്പും ദാഹവുമായി ഇവിടെ കഴിയുന്നു. രാത്രിയിൽ കള്ളന്മാരോ, വന്യമൃഗങ്ങളോ നമ്മെ ആക്രമിച്ചേക്കാം. രാത്രിയിലെ കഠിന ശൈത്യത്തിൽ നിന്നു രക്ഷപ്പെടാനും നമുക്കു മാർഗമൊന്നുമില്ല. എന്നിട്ടും നമുക്ക് ആവശ്യമുള്ളവയെല്ലാം ദൈവം നൽകുന്നു എന്നല്ലേ അങ്ങു പ്രാർത്ഥിച്ചത്. ഇതു കാപട്യമാണ്. ആത്മാർത്ഥതയുള്ള പ്രാർത്ഥനയല്ല. നമുക്ക് ആവശ്യമുള്ളവ തരുവാനല്ലേ ഇപ്പോൾ നമ്മൾ ദൈവത്തോടു പ്രാർത്ഥിക്കേണ്ടത്?' ഉടനെ ഒരു പുഞ്ചിരിയോടുകൂടി ഗുരു പറഞ്ഞു:'നമുക്ക് ആവശ്യമുള്ള കാര്യങ്ങളൊക്കെ തീർച്ചയായും ദൈവത്തോടു ചോദിക്കാം. എന്നാൽ, ഇപ്പോൾ യഥാർഥത്തിൽ നമുക്ക് ആവശ്യമായിരിക്കുന്നതു വിശപ്പും ദാഹവും ശൈത്യവും ആളുകളുടെ പരിഹാസവും തിരസ്കരണവുമാണ്. അവ നമുക്ക് ആവശ്യമായിരുന്നില്ലെങ്കിൽ ദൈവം അവ നമുക്കു നൽകുകയില്ലായിരുന്നു. തന്മൂലം, നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം. അവിടുത്തെ തിരുവിഷ്ടം നടക്കട്ടെ. അവിടുത്തെ മഹനീയ നാമം വാഴ്ത്തപ്പെടട്ടെ!'

വിശപ്പും ദാഹവും ശൈത്യവും പരിഹാസവും തിരസ്കരണവുമൊക്കെ അനുഭവപ്പെടുമ്പോൾ അവയെപ്രതി ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ആർക്കെങ്കിലും പ്രാർത്ഥിക്കുവാൻ സാധിക്കുമോ? ഒരുപക്ഷേ സാധാരണക്കാരായ നമുക്ക് ഇത് അസാധ്യമായിരിക്കാം. എന്നാൽ, ദൈവത്തെ ഹൃദയപൂർവം സ്നേഹിക്കുകയും അവിടുത്തെ അനന്തപരിപാലനയിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്നവർക്കു തീർച്ചയായും അപ്രകാരം ആയിതീരാൻ സാധിക്കും. കാരണം, അവരുടെ ജീവിതം പൂർണമായും ദൈവത്തിന്റെ കരങ്ങളിൽ തന്നെയാണെന്ന് അവർക്കറിയാം. അതെക്കുറിച്ച് അവർക്ക് ഉറച്ച ബോധ്യവുമുണ്ട്. തന്മൂലമാണ്, ദുഃഖത്തിന്റെ തീവ്രനിമിഷങ്ങളിലും ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടു പ്രാർത്ഥിക്കുവാൻ അവർക്കു സാധിക്കുന്നത്.

നമ്മുടെ ജീവിതത്തിൽ വിശപ്പും ദാഹവും അനുഭവിക്കുന്ന അവസരങ്ങൾ നമുക്കു കുറവായിരിക്കാം. എന്നാൽ, രോഗങ്ങളും മറ്റുള്ളവരുടെ സ്നേഹത്തിന്റെ അഭാവവും അതോടൊപ്പം അവരുടെ പരിഹാസവും വെറുപ്പും വിദ്വേഷവുമൊക്കെ നമ്മുടെ ജീവിതത്തെ കഠിനമായി തളർത്തിയേക്കാം. അപ്പോൾ നമ്മൾ ചെയ്യുന്ന പ്രാർത്ഥന ബധിരകർണങ്ങളിൽ പതിക്കുന്നതായും നമുക്കു തോന്നിയേക്കാം. നാം പ്രതീക്ഷിക്കുന്ന ഉത്തരം ദൈവത്തിൽ നിന്നു നമുക്കു ലഭിച്ചു എന്നും വരില്ല. പക്ഷേ, അപ്പോഴും നാം നിരാശരാവരുത്. കാരണം, എല്ലാം അറിയുന്നവനാണു ദൈവം. നമുക്കാവശ്യമായിട്ടുള്ളതെന്തെന്നു നമ്മേക്കാൾ കൂടുതലായി അറിയുന്നതു നമ്മെ സ്നേഹിക്കുന്ന ദൈവമല്ലാതെ മറ്റാരുമല്ല. തന്മൂലം, ദുഃഖത്തിന്റെ പാനപാത്രമാണ് അവിടുന്നു നമുക്കു നീട്ടിത്തരുന്നതെങ്കിൽ ആ പാനപാത്രത്തിൽ നിന്നു കുടിക്കുവാനുള്ള ശക്തിക്കായിട്ടാണു നാം അപ്പോൾ പ്രാർത്ഥിക്കേണ്ടത്.

നമ്മുടെ ജീവിതം സന്തോഷ സന്താപ സമ്മിശ്രമായ ജീവിത സാഹചര്യങ്ങളിൽകൂടി കടന്നുപോയാലേ നാം യഥാർത്ഥത്തിൽ വിജയിക്കൂ എന്നു ദൈവത്തിനറിയാം. അതനുസരിച്ചാവും അവിടുന്നു നമ്മുടെ ജീവിതത്തെ ക്രമീകരിക്കുന്നത്. പക്ഷേ, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കുവാൻ നാം വിസമ്മതിക്കുന്നു. അതുകൊണ്ടല്ലേ ജീവിതത്തിലെ വിപരീത സാഹചര്യങ്ങൾ കാണുമ്പോൾ നാം പതറിപ്പോകുന്നത്? ചിലരൊക്കെ ചിലപ്പോഴെങ്കിലും ദൈവത്തെ തള്ളിപ്പറയുന്നതിന്റെ കാരണവും മറ്റൊന്നല്ലല്ലോ?

നമുക്ക് മുകളിൽ കൊടുത്തിരിക്കുന്ന കഥയിലേക്കു മടങ്ങിവരാം. ദീർഘകാലമായുള്ള ദൈവാനുഭവത്തിന്റെ ഉടമയായിരുന്നു കഥയിലെ ഗുരു. തന്മൂലം ദൈവത്തിന്റെ വഴികൾ തിരിച്ചറിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതുകൊണ്ടാണ് തങ്ങൾക്ക് അപ്പോൾ ആവശ്യമായിരിക്കുന്നതു വിശപ്പും ദാഹവും മറ്റു വിപരീത സാഹചര്യങ്ങളുമാണ് എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായത്. ആ തിരിച്ചറിവിന്റെ ഫലമായിട്ടായിരുന്നു ദൈവത്തിനപ്പോൾ നന്ദി പറഞ്ഞു പ്രാർത്ഥിക്കുവാൻ അദ്ദേഹത്തിനു സാധിച്ചത്.

നമുക്കും വേണ്ടത് ഇതുപോലെയുള്ള തിരിച്ചറിവാണ്. അതായത് നമ്മുടെ ജീവിതത്തിൽ നടക്കുന്നതെല്ലാം നമ്മുടെ നന്മയ്ക്കായി നടക്കുന്നതാണ് എന്ന തിരിച്ചറിവ്. എന്നാൽ, ഈ തിരിച്ചറിവ് നമുക്കു ലഭിക്കണമെങ്കിൽ നാം ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കണം. നമ്മുടെ ജീവിതത്തിന്റെ പൂർണ്ണമായ നിയന്ത്രണം നാം അവിടുത്തേക്കു വിട്ടുകൊടുക്കണം. അവിടുത്തെ അനന്തപരിപാലനയിൽ എല്ലാം നന്മയ്ക്കായി മാത്രമേ സംഭവിക്കൂ എന്നു നാം ഉറപ്പായി വിശ്വസിക്കണം.

ദൈവം നമ്മുടെ ജീവിതം നമ്മെ ഏൽപ്പിച്ചിരിക്കുന്നത് നാം അതു സ്വതന്ത്രമായി കൈകാര്യം ചെയ്യുവാനല്ല. പ്രത്യുത, ദൈവത്തിന്റെ പ്ലാനനുസരിച്ച് ജീവിതത്തെ നാം മുന്നോട്ടു കൊണ്ടുപോകുവാനാണ്. ഒരുപക്ഷേ, അവിടുത്തെ പ്ലാനനുസരിച്ചു ജീവിതത്തെ നാം മുന്നോട്ടു കൊണ്ടുപോകാതെ വരുമ്പോഴല്ലേ അവിടുന്നു നമ്മുടെ ജീവിതത്തിൽ ശക്തമായി ഇടപെടുന്നത്? ഇവിടെ വിശ്വാസത്തോടുകൂടിയ സമ്പൂർണ്ണമായ സമർപ്പണമാണ് നമ്മുക്കു വേണ്ടത്.

ദൈവത്തിന്റെ പദ്ധതിയാണു വിജയിക്കുന്നത് എന്നു നമുക്കു മറക്കാതിരിക്കാം. അതോടൊപ്പം നമ്മുടെ പദ്ധതികളെല്ലാം ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെന്നു നമുക്ക് ഉറപ്പുവരുത്തുകയും ചെയ്യാം. അപ്പോൾ നാം യഥാർഥ വിജയത്തിന് അവകാശികളാകുമെന്നതിൽ സംശയം വേണ്ട.






# ഒടുവിൽ അവരുടെ ഗതി

ഒരു കർഷകന്റെ വീട്ടിൽ ഒരു കുതിരയും ആടും ഉണ്ടായിരുന്നു. കുതിരയോട് മാത്രമാണ് കർഷകന് ഇഷ്ടം എന്നാണ് ആട് കരുതിയിരുന്നത്. കുതിരയ്ക്ക് നല്ല ഭക്ഷണവും പരിചരണവും കർഷകൻ കൊടുക്കുന്നത് കാണുമ്പോൾ ആടിന് അസൂയ തോന്നും.

അങ്ങനെയിരിക്കെ കുതിരയ്ക്ക് ഒരു അസുഖം പിടിപെട്ടു. കർഷകൻ ഉടൻതന്നെ മൃഗഡോക്ടറെ വരുത്തി. അവശനായികിടക്കുന്ന കുതിരയെ പരിശോധിച്ചശേഷം ഡോക്ടർ കർഷകനെ മാറ്റി നിർത്തിയിട്ടു പറഞ്ഞു: "മൂന്ന് ദിവസം നമുക്ക് മരുന്നുകൊടുക്കാം. അതിനകം അസുഖം മാറിയില്ലെങ്കിൽ നമുക്കിവനെ കൊല്ലേണ്ടിവരും. അല്ലെങ്കിൽ ഈ അസുഖം മറ്റ് ജീവികളിലേക്കു പകരും."

ഇതെല്ലാം ആട് കേൾക്കുന്നുണ്ടായിരുന്നു. 'ഹ!ഹ! ഇതുതന്നെ കുതിരയെ ഒതുക്കാൻപറ്റിയ അവസരം! ആട് കരുതി.

അവൻ ഓടിച്ചെന്ന് കുതിരയോട് പറഞ്ഞു: "ചങ്ങാതീ, നിന്റെ കാര്യം കുശാലായി. മൂന്നുദിവസം നീ എണീക്കാതിരുന്നാൽ വയറുനിറയെ ഭക്ഷണം തന്നിട്ടുള്ള ചികിത്സയാ പിന്നെ നിനക്ക് കിട്ടാൻ പോകുന്നത്. അതുകൊണ്ട് ഈ കിടപ്പുതന്നെ തുടർന്നോളൂ."

പാവം കുതിര ഇതു വിശ്വസിച്ചു. പിറ്റേന്നും ഡോക്ടർ എത്തി മരുന്ന് കൊടുത്തു. അന്നും ആട് കുതിരയോടു പറഞ്ഞു: "നീ ഇന്നും നാളെയും ഇങ്ങനെ തന്നെ കിടന്നോ. പിന്നെ നിനക്ക് കുശാലായി ശാപ്പാടടിക്കാം."

മരുന്ന് കഴിച്ചപ്പോൾ അസുഖത്തിന് ഭേദം തോന്നിയെങ്കിലും ആടിന്റെ വാക്ക് വിശ്വസിച്ച് കുതിര അതേ കിടപ്പുകിടന്നു.

അങ്ങനെ മൂന്നാം ദിവസം ഡോക്ടർ എത്തി. കുതിര അപ്പോഴും ക്ഷീണം നടിച്ച് കിടക്കുകയായിരുന്നു.

'ഹ!ഹ! ഇപ്പം കാണാം രസം!' ആട് ദൂരെ മാറി ഊറിച്ചിരിച്ചുകൊണ്ട് കുതിരയെ കൊല്ലുന്നത് കാണാൻ നിന്നു.

അപ്പോൾ ഡോക്ടർ പറഞ്ഞു: "എനിക്ക് തോന്നുന്നത് ഇവന് എല്ലിന് ബലക്ഷയം ഉണ്ടെന്നാ. നമുക്ക് കൊല്ലുന്നതിനു മുമ്പ് ഒരു മരുന്നുകൂടി പരീക്ഷിച്ചു നോക്കാം. ആടിന്റെ എല്ലിൻസൂപ്പും മുതിരയും ചേർത്ത് വേവിച്ച് കൊടുക്കാം. ചിലപ്പോൾ മാറിയേക്കും."

ഇതുകേൾക്കേണ്ട താമസം, കർഷകൻ ആടിനെ അറുത്ത് സൂപ്പാക്കി.

കണ്ടില്ലേ, മറ്റുള്ളവരെ മനപ്പൂർവ്വം ദ്രോഹിക്കാൻ നോക്കിയ ആടിന്റെ വിധി. സ്വാർത്ഥതയ്ക്കുവേണ്ടി ആര് പ്രവർത്തിച്ചാലും ഒടുവിൽ അവരുടേയും ഗതി ഇതാകും.




ചരിത്രപുസ്തകങ്ങളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന രണ്ടു കാലസൂചകങ്ങളാണ് എ.ഡിയും ബി.സിയും. അവയുടെ പിറവിക്കു പിന്നിലെ കഥയാണ് ഈ ചെറുകുറിപ്പ്. കാലം ഒരു കടങ്കഥയാണ്. അത് എന്നു തുടങ്ങിയെന്നോ എന്ന് അവസാനിക്കുമെന്നോ ആർക്കും പറയാനാകില്ല. എങ്കിലും കാലത്തെ അളക്കാനുള്ള വിദ്യ മനുഷ്യൻ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യചരിത്രത്തിലെ ചില സംഭവങ്ങൾ ഓർത്തുവയ്ക്കാനും എഴുതിവയ്ക്കാനുമാണ് കാലഗണന വേണ്ടിവന്നത്.

കൊല്ലം നഗരം പണിതതിന്റെ ഓർമയ്ക്കായാണ് കൊല്ലവർഷം ആരംഭിച്ചതെന്ന ഒരു വാദമുണ്ട്. അതുപോലെ റോമാ നഗരം സ്ഥാപിച്ചതിന്റെ സ്മരണയ്ക്കായി റോമാബ്ദവും ഉണ്ടായി. അലക്സാണ്ടർ ചക്രവർത്തി മരിച്ച ദിവസം തൊട്ടു ഗ്രീക്ക് വർഷം തുടങ്ങിയതായും പറയപ്പെടുന്നു. പ്രവാചകനായ മുഹമ്മദ് നബി ശത്രുക്കളിൽനിന്നു രക്ഷ തേടി മക്കയിൽ നിന്നു മദീനയിലേക്കു പലായനം ചെയ്തതിന്റെ സ്മരണയത്രെ ഹിജ്റ വർഷം. യേശുക്രിസ്തുവിന്റെ ജനനവർഷം കണക്കാക്കി ആണ്ടെണ്ണാൻ തുടങ്ങിയപ്പോൾ ക്രിസ്തുവർഷവും ഉണ്ടായി. ഇതുപോലെ ഇനിയുമുണ്ട് ഒട്ടേറെ കാലഗണനകളുടെ കഥ. അവ കൂട്ടുകാർ തന്നെ കണ്ടെത്തൂ.

കാലഗണനയ്ക്കായി ഇന്നു പരക്കെ ഉപയോഗിച്ചു വരുന്നത് ക്രിസ്തുവർഷം ആണല്ലോ. റോമാക്കാരനായ ചെറിയ ഡയണേഷിയസ് ആണ് ക്രിസ്തുവർഷത്തിനു തുടക്കമിട്ടത്. അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് റോമിൽ റോമാബ്ദ കലണ്ടർ ആണ് ഉപയോഗിച്ചിരുന്നത്. ക്രിസ്തുമത പുരോഹിതനായിരുന്ന അദ്ദേഹം റോമാബ്ദ കലണ്ടർ അനുസരിച്ചു ക്രിസ്തുവിന്റെ ജനനവർഷം കണ്ടെത്താൻ ഒരു ശ്രമം നടത്തി. അതുപ്രകാരം റോമാബ്ദം 753ലാണ് ക്രിസ്തുവിന്റെ ജനനം ഉണ്ടായതെന്ന് അദ്ദേഹം മനസിലാക്കി. അങ്ങനെ ക്രിസ്തുവിന്റെ ജന്മവർഷം കണക്കാക്കി ആണ്ടെണ്ണാൻ തുടങ്ങിയതോടെ ക്രിസ്തുവർഷവും ഉണ്ടായി. ഇതിന് ഇന്ന് Anno Domini അഥവാ A.D. എന്നും ക്രിസ്തുവിന്റെ ജന്മവർഷമായ റോമാബ്ദം 753നു മുമ്പുള്ള കാലത്തെ Before Christ അഥവാ B.C. എന്നും പറയുന്നു. Anno Domini എന്ന ലാറ്റിൻ ഭാഷയിലുള്ള പദത്തിന് In the year of our Lords Birth അഥവാ യേശുവിന്റെ ജനനവർഷത്തിൽ എന്നാണ് അർഥം. ഈ കാലഗണന ഇപ്പോൾ CE-Common Era എന്നും BCE-Before common Era എന്നും പറയാറുണ്ട്.

ക്രിസ്തുവിന്റെ ജനനവർഷം റോമാബ്ദം 753 എന്നു നേരത്തെ പറഞ്ഞല്ലോ. ഡയണേഷിയസ് അങ്ങനെ കണക്കാക്കിയപ്പോൾ അതിൽ ഏതാനും ദിവസങ്ങൾ ബാക്കി വന്നിരുന്നു. അതുകൊണ്ടു കൂടുതൽ സൗകര്യത്തിനായി അദ്ദേഹം റോമാബ്ദം 754 നെ AD ഒന്ന് ആയും റോമാബ്ദം 750നെ BC4 ആയും പരിഗണിച്ചു. ഇക്കാര്യവും കൂട്ടുകാർ ഓർമയിൽ സൂക്ഷിക്കാൻ മറക്കരുത്.

കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം: കാലഗണനയ്ക്ക് പല നാട്ടിലും പലതരം അബ്ദങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തുവർഷത്തിന്റെ വരവോടെ മിക്ക രാജ്യങ്ങളിലും കാലഗണനയ്ക്ക് ക്രിസ്തുവർഷം ഉപയോഗിച്ചു തുടങ്ങി. ക്രിസ്തുവിനു മുമ്പുള്ള കാലഘട്ടത്തെ BC എന്നും ശേഷമുള്ള കാലഘട്ടത്തെ AD എന്നും പറയുന്നു. ഇത് ഇപ്പോൾ യഥാക്രമം BCE എന്നും CE എന്നും പറയാറുണ്ട്. റോമാബ്ദം 754നെ എ.ഡി.1 ആയും റോമാബ്ദം 750നെ ബി.സി.4 ആയും കണക്കാക്കിയിട്ടുണ്ട്.

## ഓണവും പൂട്ടുകച്ചവടവും



ഓണത്തിനിടയ്ക്ക് പൂട്ടു കച്ചവടം എന്നു കേട്ടിട്ടില്ലേ? ഇതെന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ കൂട്ടുകാർ? പണ്ട് മഹാബലി ഭരിച്ചിരുന്ന കേരളത്തിൽ കള്ളവും ചതിയുമൊന്നും ഉണ്ടായിരുന്നില്ലത്രേ. അതുകൊണ്ടുതന്നെ കള്ളന്മാരും ഉണ്ടായിരുന്നില്ലപോലും. അതിനാൽ അന്ന് ഒന്നും പൂട്ടിവയ്ക്കേണ്ടിയും വന്നില്ല. അപ്പോൾ പൂട്ടു കച്ചവടത്തിനും പ്രസക്തിയില്ലല്ലോ. മാവേലി ഭരിച്ചിരുന്ന കാലംപോലെയാണ് കാര്യങ്ങൾ എന്ന് അദ്ദേഹത്തെ ധരിപ്പിക്കാനാണ് അദ്ദേഹം എത്തുന്ന സമയത്ത് മലയാളികൾ ഓണം ആഘോഷിക്കുന്നത്. വർഷത്തിലൊരിക്കൽ കേരളത്തിലെത്തുന്ന മാവേലി സമൃദ്ധിയും സന്തോഷവും കണ്ട് നടക്കുന്നതിനിടയിൽ പൂട്ട് കണ്ടാലോ? തട്ടിപ്പ് പൊളിയില്ലേ? അങ്ങനെയാണ് ഓണത്തിനിടക്ക് പൂട്ടുകച്ചവടം എന്ന പ്രയോഗം ഉണ്ടായതത്രേ.








# വേഷങ്ങളും വെളിവാകുന്ന ശരീരഭാഗങ്ങളും

ഇന്നത്തെ സമൂഹത്തിൽ മാത്രമല്ല, സ്ത്രീകൾക്കെതിരേയുള്ള ലൈംഗിക അതിക്രമങ്ങൾ പഴയകാലത്തും ധാരാളം നടന്നിരുന്നുവെന്ന അഭിപ്രായം പ്രകടിപ്പിക്കുന്ന മുൻതലമുറക്കാരുണ്ട്. വീട്ടിനുള്ളിലെയും പുറത്തേയും പീഡനങ്ങൾ പക്ഷേ അന്ന് പല കാരണങ്ങൾകൊണ്ടും പുറത്തുവന്നിരുന്നില്ല എന്നുമാത്രം. ഇന്നത്തെപ്പോലെ മാധ്യമങ്ങളും നിയമങ്ങളും ശക്തമല്ലാതിരുന്നതിനാൽ സമൂഹത്തിൽ അതൊരു പ്രശ്നമായി ഉയർന്നുവന്നില്ലെന്നും പെൺകുട്ടികൾക്ക് കൂടുതൽ വിദ്യാഭ്യാസവും സ്വാതന്ത്ര്യവും ലഭിച്ചത് ഇത്തരം കേസുകൾ പുറത്തുവരാൻ കാരണമായെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ഈ കണ്ടെത്തലുകൾ ഒരളവ് വരെ ശരിയാണെങ്കിലും ബലാത്സംഗ സംഭവങ്ങളും അവയുടെ വ്യാപ്തിയും ആഘാതവും ഇക്കാലത്ത് വൻ രീതിയിൽ വർധിക്കുന്നുവെന്നതിൽ സംശയമില്ല. ലഹരിയുടെ അമിതോപയോഗം, സമൂഹത്തിലെ മൂല്യച്യുതി മുതൽ സ്ത്രീകൾക്ക് ഇന്ന് ലഭിക്കുന്ന സഞ്ചാരസ്വാതന്ത്ര്യം വരെ വർധനയുടെ പല കാരണങ്ങളായി പറയാം. പണ്ടുകാലത്ത് വീട്ടിനുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകൾ ഇന്ന് രാപ്പകൽ ഭേദമെന്യേ പുരുഷന്മാരോടൊപ്പം ജോലി ചെയ്യുകയും യാത്ര ചെയ്യുകയും ചെയ്യുമ്പോൾ ഇത്തരം ആക്രമണങ്ങൾക്കുള്ള സാധ്യതയും ഇടവും വർധിക്കുന്നുവെന്ന് പഠനങ്ങൾ വെളിവാക്കുന്നു. മനുഷ്യമനസിനുള്ളിലെ ചെകുത്താനെ പുറത്തുകൊണ്ടുവരുന്ന രതിവൈകൃതങ്ങളും വയലൻസും നിറഞ്ഞ സിനിമകളുടെയും സി.ഡികളുടെയും ലഭ്യത മാനഭംഗക്കേസുകൾ വർധിക്കുന്നതിന് ഒരു വലിയ കാരണമാണെന്ന് സാമൂഹ്യപ്രവർത്തകരും സ്ത്രീപക്ഷ ചിന്തകരും വിലയിരുത്തുന്നു.

ലോകത്ത് അശ്ലീല സിനിമകളും സി.ഡികളും ഇറങ്ങും മുമ്പും സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ചിലർ പറയുന്നുണ്ടെങ്കിലും ഇത് അശ്ലീല ചിത്രങ്ങളുടെ പങ്ക് ലഘൂകരിച്ചിരുന്നില്ല. മുൻ തലമുറയ്ക്ക് ഇല്ലാതിരുന്ന ഒരു അക്സസ് "സെക്സ്" ദൃശ്യങ്ങളുടെ കാര്യത്തിൽ ഇന്നത്തെ തലമുറയ്ക്ക് യഥേഷ്ടം ലഭിക്കുന്നുണ്ട്. ദൈർഘ്യമേറിയ ചൂടൻ ചുംബനരംഗങ്ങളും കിടപ്പറ ദൃശ്യങ്ങളും നിറയുന്ന സിനിമകൾ ടി.വി. ചാനലുകളിലൂടെപോലും യാതൊരു നിയന്ത്രണവുമില്ലാതെ നിരന്തരം സംപ്രേഷണം ചെയ്യപ്പെടുന്നു. കുട്ടികളും കൗമാരക്കാരുമടക്കം വലിയൊരു വിഭാഗം പ്രേക്ഷകർ ഇത്തരം സിനിമകൾക്കുണ്ട്. വീടിനുള്ളിൽ അരുതാത്ത ബന്ധങ്ങൾക്ക് വഴിവയ്ക്കുവാൻ ഇത്തരം സെക്സ് ദൃശ്യങ്ങൾ ഒരു കാരണമാണെന്ന് നിസംശയം പറയാം.

നീലച്ചിത്രങ്ങൾ നൽകുന്ന ഉത്തേജനവും അവ പരീക്ഷിക്കുവാനുള്ള കൗമാര-യുവ മനസിന്റെ വ്യഗ്രതയും (പ്രായം കൂടിയവരും ഉൾപ്പെടും) ലൈംഗിക കടന്നാക്രമങ്ങളിലേക്ക് പലരെയും എത്തിക്കുന്നുവെന്നുവേണം കരുതുവാൻ. പല കുടുംബങ്ങളിലും വലിയ വിനാശമാണ് ഇവ വരുത്തിവയ്ക്കുന്നത്.

തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രസവത്തിനെത്തിയ പതിനാറുകാരിയുടെ ഗർഭത്തിനുത്തരവാദി കുട്ടിയുടെ സ്വന്തം സഹോദരനാണെന്ന് അമ്മ തന്നെയാണ് പൊട്ടിക്കരഞ്ഞുകൊണ്ട് ഗൈനക്കോളജിസ്റ്റിനോട് പറഞ്ഞത്. വീട്ടിനുള്ളിലെ ഇത്തരത്തിലുള്ള പല പീഡനങ്ങളും പുറത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലായെന്നു മാത്രം. ഇന്നത്തെ അണുകുടുംബങ്ങളിൽ പ്രത്യേകിച്ചും രക്ഷാകർത്താക്കൾ ഉദ്യോഗസ്ഥരാകുന്ന സാഹചര്യത്തിൽ ഇത്തരം സങ്കീർണ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. അശ്ലീല സിനിമകളും മൊബൈൽ പോർണോഗ്രാഫിയും മാത്രമല്ല നീല തരംഗങ്ങളും സ്ത്രീ ശരീര പ്രദർശനങ്ങളും സിനിമകളിലും സമൂഹത്തിലും വർധിച്ചുവരുന്നുണ്ട്. അടുത്ത കാലത്ത് പുറത്തിറങ്ങുന്ന ഭൂരിഭാഗം ഹിന്ദി-തമിഴ് സിനിമകളിലും സ്ത്രീശരീരം ചൂഷണം ചെയ്തുകൊണ്ടുള്ള ഒരു കച്ചവടതന്ത്രം ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. ശരീരത്തിന്റെ ഏറിയ ഭാഗവും പുറത്തുകാണുന്ന രീതിയിലെ ബിക്കിനി, സ്പഗറ്റി, ഷോർട്സ് തുടങ്ങിയ വേഷങ്ങളിലാണ് പല നായികമാരും പ്രത്യക്ഷപ്പെടുന്നത്. വമ്പൻ ചാനലുകളിലെ സൂപ്പർഹിറ്റ് ഹിന്ദിസീരിയലുകളിലും ഇപ്പോൾ നായികമാരുടെ ഗ്ലാമർ പ്രദർശനം എല്ലാ അതിരുകളും ഭേദിച്ചുതുടങ്ങിയിട്ടുണ്ട്. പരസ്യങ്ങളിലെ മോഡലുകളും, സൂപ്പർ നടിമാരും വിഭിന്നമല്ല. സ്വർണ നെക്ലസും ബിസ്കറ്റും കാറും ഉൾപ്പെടെ എന്ത് ഉൽപന്നവും വിറ്റുപോകാൻ സ്ത്രീയുടെ ശരീര പ്രദർശനം അനിവാര്യമെന്ന ചിന്തയും വളരെ ശക്തമായി വേരൂന്നിയിട്ടുണ്ട്. സിനിമകളിൽ തുടക്കമിട്ട ഈ ഹോട്ട്, സെക്സി, സ്പൈസി തരംഗം താഴെ തട്ടിലേക്ക് പടർന്നിറങ്ങി ഒടുവിൽ പുതിയ തലമുറയുടെ ഫാഷൻ ഭ്രമവുമായി കൂടിച്ചേരുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

ഇറുകിയ ടീ ഷർട്ട്, കാലിനോട് ചേർന്നുകിടക്കുന്ന ലെഗിൻസ്, സ്ലീവ്ലസ് ടോപ്പുകൾ തുടങ്ങിയ പെൺകുട്ടികളുടെ വേഷങ്ങളും അവയ്ക്കിടയിലൂടെ വെളിവാകുന്ന ശരീരഭാഗങ്ങളും തങ്ങളെ പ്രലോഭിപ്പിക്കുന്നുണ്ടെന്ന് ഇതു സംബന്ധിച്ച് നടത്തിയ സർവേയിൽ പുരുഷന്മാർ പറയുന്നു. ട്രെയിനിലും മറ്റും യാത്ര ചെയ്യുന്ന വേളകളിൽ ഇത്തരം ഷോർട്ട് ടോപ്പുകൾ (മുകൾ ബർത്തിൽ കയറുന്ന അവസരത്തിലും മറ്റും) പെൺകുട്ടികളുടെ ശരീരഭാഗങ്ങൾ പുറത്തുകാണാൻ കാരണമാകുന്നു. (ശരീരത്തിന്റെ മുൻഭാഗം കാണുന്ന തരത്തിൽ സാരി ധരിക്കുന്ന ഫാഷനും പിൻഭാഗമില്ലാത്ത ബ്ലൗസുകളും ഇന്ന് പ്രചാരം നേടുന്നു)

പാശ്ചാത്യ വസ്ത്രധാരണ രീതിയിൽ നിന്നും വിഭിന്നമായ വസ്ത്രധാരണം ശീലമായ ഒരു നാട്ടിൽ ശരീരം ഏറെക്കുറെ പുറത്തുകാട്ടുന്ന തരത്തിലെ മോഡേൺ വേഷവിധാനങ്ങളും ചിലർ അനുകൂല ഘടകമായി തെറ്റിദ്ധരിക്കുന്നുണ്ട്.

'എന്റെ വസ്ത്രധാരണം ലൈംഗിക അതിക്രമത്തിനുള്ള സ്വാഗതമല്ല (മൈ ഡ്രസ് ഈസ് നോട്ട് എ യെസ്)' എന്ന് വസ്ത്രത്തിൽ എഴുതിച്ചേർത്ത് സ്ത്രീ ജാഥകളിൽ അടുത്ത കാലത്ത് യുവതികൾ പങ്കെടുത്തിരുന്നുവെന്ന് ഓർമിക്കണം. സ്ത്രീയുടെ വസ്ത്രധാരണം മാനഭംഗത്തിനുള്ള ഒരു പ്രലോഭനമോ, കാരണമോ അല്ല എന്ന ഒരു പ്രധാന വാദവും സ്ത്രീപക്ഷ വാദികൾ പ്രകടിപ്പിച്ചുവരുന്നുണ്ട്. പുരുഷന്മാരെ പ്രലോഭിപ്പിക്കുന്ന തരത്തിൽ വേഷം ധരിച്ച സ്ത്രീകളല്ല പലപ്പോഴും ആക്രമിക്കപ്പെട്ടിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ചാണ് പലരും ഈ നിലപാട് വ്യക്തമാക്കുന്നത്.

ഈ നിലപാടുകൾ സാധൂകരിക്കുമ്പോൾ തന്നെ മറ്റൊരു സത്യം സമാന്തരമായി നിലകൊള്ളുന്നു. സ്ത്രീ ശരീര പ്രദർശനം വഴി (സിനിമയിലൂടെയായാലും നേരിട്ടായാലും) പ്രലോഭിപ്പിക്കപ്പെടുന്ന ഒരു വിഭാഗം പുരുഷന്മാർ തങ്ങളുടെ ആസക്തി ശമിപ്പിക്കുന്നത് എളുപ്പം കൈയിൽ കിട്ടുന്ന ഇരകളിലാണെന്ന ക്രൂരമായ സത്യം! ഇത്തരം നിസ്സഹായ ജന്മങ്ങളെ അനാഥാലയങ്ങളിൽ നിന്നും വീടുകളിൽ നിന്നും തെരുവിൽ നിന്നുമെല്ലാം അവർ കണ്ടെടുക്കുന്നു.

ഏതുതരം വസ്ത്രം ധരിക്കണമെന്നതും ഏതു രീതിയിൽ വസ്ത്രം ഉപയോഗിക്കണമെന്നതുമെല്ലാം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യവും അധികാരവുമാണ്. പക്ഷെ അത് മാന്യമായിരിക്കണം.

സ്ത്രീയുടെ വസ്ത്രരീതിയിലല്ല പ്രശ്നം, മറിച്ച് കാണുന്ന പുരുഷന്മാരുടെ കണ്ണിനും മനസിനുമാണ് രോഗം എന്ന ന്യായവും ഉണ്ട്. സമൂഹം ഇത്തരത്തിലായതിനാൽ സ്ത്രീകൾ വസ്ത്രധാരണത്തിൽ പളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സ്ത്രീ സ്വാതന്ത്ര്യത്തെ നിരാകരിക്കലല്ല, മറിച്ച് നമ്മുടെ നാട്ടിൽ അതായത് ലഹരി മരുന്ന് അടിമകളും മദ്യപന്മാരും രതിവൈകൃതക്കാരും കുമിഞ്ഞുകൂടുന്ന തെരുവുകളിൽ ഇന്നത്തെ സ്ത്രീ എത്ര സുരക്ഷിതയാണ് എന്നതാണ് ഒരു വലിയ ചോദ്യമാകുന്നത്.

പാശ്ചാത്യനാടുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ സംസ്കാരവും രീതിയും സാഹചര്യങ്ങളുമുള്ള ഒരു നാടാണ് ഇന്ത്യ. പാശ്ചാത്യനാടുകളിലേതുപോലുള്ള ലൈംഗിക സ്വാതന്ത്ര്യം ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അനുവദിക്കപ്പെടുന്നില്ല. സമൂഹത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും നേരിടുന്ന താക്കീതുകൾ, ശിക്ഷകൾ അങ്ങനെയുള്ള ബാഹ്യവിലക്കുകൾ ധാരാളമാണ്. ഇതുകൂടാതെ സമൂഹത്തിൽ മനുഷ്യർ നേരിടുന്ന ആന്തരിക സമ്മർദ്ദങ്ങളുമുണ്ട്. ഇവയെല്ലാം കുറച്ചുപേരെയെങ്കിലും ലൈംഗിക അതിക്രമങ്ങളിലേക്ക് എത്തിക്കുന്നുവെന്ന് ആധുനിക മനഃശാസ്ത്രപഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. എങ്കിലും നിരന്തര ജാഗ്രതയും നിയന്ത്രണവും കഠിനമായ ശിക്ഷകളും ഈ വിഷയത്തിൽ അനിവാര്യമാണ്.

**മദ്യലഹരിയിൽ സ്വന്തം അമ്മയെ മകൻ ലൈംഗികമായി പീഡിപ്പിച്ചെന്ന ആരോപണം ഉയരുന്നതും കൗമാരപ്രായക്കാരനായ പുത്രൻ മാതാവിന്റെ നഗ്നത മൊബൈൽ കാമറയിൽ പകർത്തിയെന്നുമൊക്കെയുള്ള സംഭവം ഉണ്ടാകുന്നതുമൊക്കെ വിപത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. മനുഷ്യനിലെത്തി നിൽക്കുന്ന പരിണാമ ചക്രത്തിൽ മനുഷ്യർ മൃഗീയവാസനകളിലേക്കുള്ള പിൻനടത്തം ശീലമാക്കുന്നത് ഭയപ്പെടേണ്ടതാണ്. അമ്മയേയും പെങ്ങളേയും മകളേയുമൊക്കെ തിരിച്ചറിയാനാകാതെ രതിയുടെ വിക്രിയകൾക്ക് ഇരയാക്കുന്നത് അതിന്റെ ലക്ഷണമാണ്. നീല ചിത്രങ്ങളും ഇന്റർനെറ്റ് ലൈംഗികതയുമൊക്കെ ആസ്വദിക്കുന്നവർ കൂടുകയാണ്. സദാചാരബോധം ദുർബലപ്പെടുകയോ, മദ്യത്തിന്റെയോ കഞ്ചാവിന്റെയോ മയക്കുമരുന്നുകളുടെയോ സ്വാധീനത്തിൽ വകതിരിവു നഷ്ടമാവുകയോ ചെയ്യുന്ന അവസ്ഥകളിൽ ലൈംഗിക കുറ്റകൃത്യങ്ങൾക്കുള്ള സാധ്യതകൾ വർധിക്കുന്നു. ദുർബലരായ കുട്ടികളും ഉറക്കെ പ്രതിഷേധിക്കാൻ കെൽപ്പുകാട്ടാത്ത സ്ത്രീകളുമൊക്കെയാണ് അപ്പോൾ ലൈംഗികവസ്തുക്കളായി മാറുന്നത്. ലൈംഗിക അരാജകത്വത്തിന്റെ ഇരകളാകുന്നത്. പെറ്റമ്മയും ടാർഗറ്റാകുന്നുവെന്നത് പേടിപ്പെടുത്തുന്ന അവസ്ഥയാണ്.**

**സെക്സ് ബിംബങ്ങളുടെ ധാരാളിത്തമുള്ള ഒരു ലോകത്തിൽ ഇതിനു തടയിടണമെങ്കിൽ ശരിയായ ലൈംഗികാവബോധം വേണം. ലൈംഗികാരോഗ്യവും വേണം. ആരോഗ്യകരമായ ലൈംഗികതയുടെ ചേരുവകൾ ലോകാരോഗ്യ സംഘടന നിർവചിക്കുന്നുണ്ട്.**

**നാല് ഘടകങ്ങളാണ് പ്രധാനമായി പറയുന്നത്. ലൈംഗികതയേയും അതിലൂടെയുണ്ടാകുന്ന ബന്ധത്തേയും ആദരവോടെയും പോസിറ്റീവായും കണക്കാക്കണം. അക്രമത്തോടെയോ വിവേചനത്തോടെയോ ഇഷ്ടത്തിന് വിപരീതമായി നിർബന്ധപൂർവമോ ആകരുത് ലൈംഗികത. പങ്കാളിയുടെ ലൈംഗികമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ആനന്ദപൂർണവും സുരക്ഷിതവുമായ സെക്സിന്റെ അനുഭവങ്ങളാണ് ലക്ഷ്യമാക്കേണ്ടത്. ആരോഗ്യകരമായ തലങ്ങളോടൊപ്പം ധാർമിക മൂല്യങ്ങൾ കൂടിച്ചേരുമ്പോഴാണു ലൈംഗികത വ്യക്തിത്വത്തിന്റെ ഗുണകരമായ ഭാവമായി മാറുന്നത്.**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# അവതാർ: അനശ്വരമായ ജീവൻ

കാലനില്ലാത്ത കാലത്തെക്കുറിച്ചു മലയാളിക്കു സ്വപ്നം നൽകിയത് കുഞ്ചൻ നമ്പ്യാരാണ്. ഈ സ്വപ്നം യാഥാർഥ്യമാക്കാനുള്ള റഷ്യൻ കോടീശ്വരൻ ദിമിത്രി ഇറ്റ്സ്കോവിന്റെ പദ്ധതി "അവതാർ" അടുത്ത വർഷം തുടങ്ങും. നാലു ഘട്ടമായി മരണത്തെ കീഴടക്കാനാണ് ഇറ്റ്സ്കോവ് കോടികൾ മുടക്കുന്നത്. ആദ്യഘട്ടത്തിൽ രോഗങ്ങളെ അകറ്റുക. പിന്നീട് യൗവനം നീട്ടിയെടുക്കുക, തലച്ചോറിനാൽ നിയന്ത്രിക്കപ്പെടുന്ന റൊബോട്ടുകൾ... അവസാനം ശരീരത്തിനെ റൊബോട്ടുകളുമായി ചേർത്ത് അനശ്വരനാക്കുക. തെരഞ്ഞെടുപ്പു പത്രികകൾ പോലെ വെറും അഞ്ചു വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട മോഹങ്ങളാണ് ആദ്യഘട്ടത്തിലുള്ളത്. രോഗാണുക്കളോട് രക്താണുക്കളും മരുന്നും പോരാടുന്ന കാലം അവസാനിക്കും. കാൻസർ അടക്കമുള്ള രോഗങ്ങളെ അവതാറിൽ നേരിടുക നാനോ സാങ്കേതിക വിദ്യയാണ്.

"രോഗിയുമായി ആശുപത്രിയിലെത്തുക. നാനോ ഷെല്ലുകൾ കുത്തിവയ്ക്കുക, മടങ്ങുക." കാൻസർ ചികിത്സവരെ വളരെ ലളിതം. 100 മുതൽ 200 വരെ നാനോ മീറ്റർ ചുറ്റളവുള്ള സ്വർണ നാനോ ഷെല്ലുകളെയാകും ചികിത്സയ്ക്ക് ഉപയോഗിക്കുക. (ഒരു നഖത്തിന്റെ നീളം ഒരു കോടി നാനോ മീറ്ററാണെന്നാണു കണക്ക്). ലേസറുകളുടെ സഹായത്തോടെ കേടായ കോശങ്ങളിലേക്ക് ഇവയെ കൊണ്ടുപോകും. കേടുനീക്കാനായില്ലെങ്കിൽ സ്ഫോടനത്തിലൂടെ കോശത്തെ തകർക്കും. അതിവേഗ രോഗശാന്തിയാണു നാനോ സാങ്കേതിക വിദ്യ ഉറപ്പു നൽകുന്നത്.



മനസിൽനിന്നു റോബോട്ടുകളിലേക്കു സന്ദേശം കൈമാറാനും സുവർണകാലത്തു കഴിയും. യുദ്ധമൊക്കെ കമ്പ്യൂട്ടർ ഗെയിം പോലെ ലളിതമാകും. മോണിറ്ററിന്റെ മുന്നിൽ തെളിയുന്ന ദൃശ്യങ്ങൾ പഠിച്ചു റൊബോട്ടുകളെ യുദ്ധഭൂമിയിലേക്കു നയിച്ചാൽ മതിയാകും.

പ്രായം കൂടാതിരിക്കാനുള്ള ചില കുറുക്കുവഴിയൊക്കെ കണ്ടുവച്ചിട്ടുണ്ടെന്നാണു ഇറ്റ്സ്കോവ് പറയുന്നത്. ഹൈഡ്രെ എന്ന ജെല്ലിഫിഷ് ഇനമാണ് മാതൃക. സ്വന്തം ശരീരത്തിലെ കോശങ്ങളെ ഇടയ്ക്കിടെ പുതുക്കുന്ന രീതിയുണ്ട് ആ മീനിന്. "ജെല്ലി" തന്ത്രം മൂലം അവയ്ക്കു വാർധക്യമാകില്ല. ഈ തന്ത്രം പകർത്താനാണു അവതാർ ശാസ്ത്രജ്ഞരുടെ ലക്ഷ്യം.

എന്നാൽ, കോപ്പിയടി അത്ര ലളിതമല്ലെന്നും ശാസ്ത്രസംഘം പറയുന്നു. ലഭിക്കുന്ന ഭക്ഷണത്തിലേറെയും കോശങ്ങളെ സജീവമാക്കാനാണു ജെല്ലി ഫിഷ് ഉപയോഗിക്കുന്നത്. തലമുറകളിലൂടെ വളരാനാണു മനുഷ്യരും മൃഗങ്ങളും ശ്രമിക്കുന്നത്. പ്രായം കുറയ്ക്കാൻ നോക്കിയാൽ സന്താനോൽപാദനത്തിനു തിരിച്ചടിയുണ്ടാകുമെന്ന് അർഥം. പ്രശ്നങ്ങളെല്ലാം തീർത്ത് പദ്ധതി നടപ്പാക്കാൻ ഇറ്റ്സ്കോവ് നൽകിയിട്ടുള്ളത് അഞ്ചു വർഷം മാത്രം. 2020നുള്ളിൽ വാർധക്യത്തെ കുറെയെങ്കിലും പിടിച്ചുകെട്ടാമെന്നാണു വിശ്വാസം.

കമ്പ്യൂട്ടർ സഹായത്തോടെ അവയവങ്ങളെ പ്രിന്റ് ചെയ്തെടുക്കുകയാണു മറ്റൊരു ലക്ഷ്യം. പ്രിന്ററിൽ മഷി ഉപയോഗിക്കുന്നതിനു പകരം 'മനുഷ്യ' പ്രിന്ററിൽ മൂലകോശങ്ങൾ ഉപയോഗിക്കും. 3ഡി സാങ്കേതിക വിദ്യകൂടി ചേരുമ്പോൾ സംഭവം വളരെ ഈസി. കാറിന്റെയും ബൈക്കിന്റെയും ടയറുകൾ മാറ്റുന്നതുപോലെ കണ്ണും ചെവിയും മാറ്റിയെടുക്കാമത്രേ. എന്തായാലും എലികളിൽ ഇതിനായുള്ള പരീക്ഷണം തുടങ്ങിയിട്ടുണ്ട്. തലമുതൽ കാലുവരെ ഇങ്ങനെ 3ഡി പ്രിന്റു ചെയ്തു എല്ലാവരും സുന്ദരന്മാരാകുന്ന കാലമാണു വരുന്നത്. ഇത്രയൊക്കെ നടന്നാൽ സുവർണകാലം വിജയകരമായി പൂർത്തിയാകും.

തലയ്ക്കുള്ളിൽ കളിമണ്ണാണോ? എന്നത് മലയാളികളുടെ പഴകിയ പ്രയോഗമാണ്. ഡിജിറ്റൽ കാലത്ത് 'തലയ്ക്കുള്ളിൽ തലച്ചോറാണോ?' എന്ന ചോദ്യമാകും അപമാനമാകുക. സാക്ഷാൽ സ്റ്റീഫൻ ഹോക്കിംഗിന്റെ പിന്തുണയുണ്ട് ഡിജിറ്റൽ തലച്ചോറിന്. വേക്ക് ഫോറസ്റ്റ് സർവകലാശാലയിലെ ഗവേഷകരുടെ വിജയവും ആവേശം പകരുന്നുണ്ട്. എലികളുടെ തലച്ചോറിനെ ഇലക്ട്രോണിക് തരംഗങ്ങൾ ഉപയോഗിച്ചു ഉണർത്തുകയാണ് ഇവിടുത്തെ ഗവേഷകർ ചെയ്തത്. മസാചുസെറ്റ്സ് സർവകലാശാലയിലെ ഗവേഷകർ ഒരു പടികൂടി കടന്നു. പ്രകാശത്തെ വൈദ്യുതിയാക്കി മാറ്റാനുള്ള ഒരു ആൽഗ ഇനത്തിലെ മാംസ്യത്തിന്റെ കഴിവായിരുന്നു ഇവരുടെ ആയുധം. ചാൻനെൽർഹൊഡോപ്സിൻ എന്നറിയപ്പെടുന്ന മാംസ്യത്തെ എലികളുടെ തലച്ചോറിന്റെ ഭാഗമാക്കാനായിരുന്നു ഗവേഷകരുടെ ശ്രമം. ഇവ തലച്ചോറിലെ ന്യൂറോണുമായി കൂടിച്ചേർന്നപ്പോൾ വൈദ്യുതിയുണ്ടായി. ഈ വൈദ്യുതി സിഗ്നലുകളെ പിടിച്ചെടുത്ത് തലച്ചോറുമായി ഇലക്ട്രിക് ബന്ധം ഉണ്ടാക്കാമത്രേ. ചിന്തകളെ കമ്പ്യൂട്ടറിലേക്കു ഡൗൺലോഡു ചെയ്യുകയാണ് ഈ ഘട്ടത്തിലെ വിജയം. ഓർമകൾ നശിച്ചാൽ കമ്പ്യൂട്ടറിൽനിന്ന് ഇവയെ വീണ്ടും തലച്ചോറിലേക്കു കടത്തിവിടുന്നതോടെ ഡിജിറ്റൽ തലച്ചോർ പദ്ധതി വൻവിജയം...!

മനുഷ്യനു പുതിയ ശരീരം വേണം. മികച്ച ഡിസൈനർമാർ രൂപകൽപന ചെയ്തെടുത്ത ശരീരം. രണ്ടു കൈയും കാലുമുള്ള പഴഞ്ചൻ ശരീരമെന്ന ചിന്ത തന്നെ മാറണം. ഇഷ്ടം പോലെ കൈകളും കാലുകളും അങ്ങനെ കാലത്തിനൊത്തുള്ള രൂപം. വേഷം മാറുന്നതുപോലെ രൂപമാറ്റവും ആകാം. തലയ്ക്കുപിന്നിൽ ഒരു കണ്ണുവേണമെന്ന് ആലോചിച്ചാലും ഈ ഘട്ടത്തിൽ തെറ്റല്ല. ശരീരത്തിന്റെ രൂപകൽപന പൂർത്തിയായാൽ കമ്പ്യൂട്ടറിൽനിന്നു തലച്ചോറിനെ പുതിയ ശരീരത്തിലേക്കു പകർത്താം. ദിവസവും രാവിലെ ഫേസ്ബുക്ക് നോക്കുന്നവർ ജോലിക്കു പോകും മുമ്പ് കൃത്യമായി തലച്ചോറിനെ ബാക്ക് അപ് ചെയ്തിട്ടു വേണം പോകാൻ. യാത്രയ്ക്കിടെ അപകടത്തിലോ സ്ഫോടനത്തിലോ ശരീരം ഉപയോഗശൂന്യമായാൽ സെക്കൻഡുകൾക്കുള്ളിൽ പുതിയ ശരീരം പ്രവർത്തനം തുടങ്ങും. അതിന് ആത്മാവുണ്ടോയെന്ന് ചോദിക്കരുത്! മരണത്തിനുശേഷം എപ്പോൾ വേണമെങ്കിലും പ്രവർത്തിക്കാവുന്ന വിധത്തിൽ ഇത്തരം ശരീരങ്ങളെ സൂക്ഷിക്കും. പിന്നീട് കമ്പ്യൂട്ടർ തുറക്കുന്നതുപോലെ ഇവയെ 'ഓൺ' ചെയ്യാം. കുഞ്ഞുങ്ങൾക്കു കഥപറഞ്ഞുകൊടുക്കാൻ മുതുമുത്തച്ഛന്മാരും മുത്തശിമാരും റൊബോട്ട് രൂപത്തിൽ എത്തും.

ശരീരത്തെ ദൂരത്തുനിന്നും നിയന്ത്രിക്കാൻ സൗകര്യം ഈ ഘട്ടത്തിൽ വരും. മനസിനെ കമ്പ്യൂട്ടറിൽ സൂക്ഷിച്ചശേഷം ശരീരം പൂർണമായി റൊബോട്ടുകൾക്കു കൈമാറുകയാണ് ഈ ഘട്ടത്തിൽ. ചൊവ്വയിലേക്കും മറ്റു ഗ്രഹങ്ങളിലേക്കും ശരീരത്തെ അയച്ചശേഷം മനസിനു വിശ്രമിക്കാം. ഒരു ശരീരം നശിച്ചാൽ ക്ഷണനേരം കൊണ്ട് അടുത്തത് ഉണ്ടാകും. അങ്ങനെ മരണത്തിനു ഗുഡ്ബൈ!

ദിമിത്രി ഇറ്റ്സ്കോവിന്റെ സ്വപ്നങ്ങളെ ഗൗരവത്തോടെ കാണുന്നവർ ഏറെയുണ്ട്. റൊബോട്ടിക്സ് വിദഗ്ധനും ഗൂഗിളിന്റെ എൻജിനീയറിംഗ് ഡയറക്ടറുമായ റേ കുർസ്‌വെയ്ൽ, എക്സ് പ്രൈസ് ഫൗണ്ടേഷൻ ചെയർമാൻ പീറ്റർ ഡയമണ്ടിസ് എന്നിവരും ഇറ്റ്സ്കോവിനു കരുത്തുപകരുന്നുണ്ട്. അഞ്ഞൂറു വയസുള്ളോരപ്പൂപ്പന്മാരുമിപ്പോൾ കുഞ്ഞായിട്ടിരിക്കുന്നു, അപ്പൂപ്പനവർക്കുണ്ട്" – ഇറ്റ്സ്കോവ് സഞ്ചരിക്കുകയാണു കുഞ്ചൻ നമ്പ്യാരുടെ സ്വപ്നങ്ങളിലൂടെ...



# അവതാറോ അവതാരമോ?

## വാട്ടർ ലൂ...

ലോകചക്രവർത്തിയാകുന്നതിന് വേണ്ടി കച്ചകെട്ടിയിറങ്ങിയ ഫ്രഞ്ച് ഭരണാധിപൻ നെപ്പോളിയൻ ബോണപ്പാർട്ടും സപ്തകക്ഷി സഖ്യവും തമ്മിലുള്ള അന്തിമയുദ്ധം നടക്കുന്നു. സപ്തകക്ഷി സൈന്യത്തെ നയിക്കുന്നത് ക്യാപ്റ്റൻ വെല്ലിംഗ്ടണാണ്. പൊരിഞ്ഞ യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ ഫലമെന്താകുമെന്ന് അറിയാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ് ലോകം. നെപ്പോളിയൻ ജയിച്ച് ലോകചക്രവർത്തിയാകണമെന്നാണ് ഫ്രഞ്ചു ജനതയുടെ ആഗ്രഹം. മറ്റു ലോകരാഷ്ട്രങ്ങൾ മറിച്ചും ചിന്തിക്കുന്നു. അന്ന് വാർത്താവിനിമയ സംവിധാനങ്ങൾ ഇത്രത്തോളം വളർന്നിട്ടില്ല. യുദ്ധത്തിന്റെ തൽസമയ വിവരങ്ങൾ അറിയാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. ഇതിനായി ഒരു പദ്ധതി ഇംഗ്ലീഷുകാർ തയാറാക്കി. വാട്ടർ ലൂവിന് സമീപത്തെ തുറമുഖത്ത് ഒരു കപ്പൽ നങ്കൂരമിട്ട് കിടക്കും. ഇതിൽ പല നിറത്തിലുള്ള കൊടികൾ ഉണ്ടാകും. ഓരോ നിറവും ഓരോ സൂചനകളാണ്. ഈ കപ്പലിൽ കൊടി ഉയർന്നാൽ തൊട്ടടുത്തുള്ള കപ്പലുകൾ ഈ സൂചനകൾ കൈമാറി അകലെയുള്ള കുന്നിൻമുകളിലെ ദേവാലയത്തിൽ എത്തിക്കും. ഇതേ സൂചന കാട്ടിക്കൊണ്ട് ദേവാലയത്തിന്റെ ഗോപുരമുകളിൽ കൊടി ഉയരും. അടുത്തുള്ള മറ്റൊരു മലയിലെ ഗോപുരത്തിൽ ഉയരുന്ന കൊടിയിലൂടെ ഈ സൂചന കൈമാറി ഒടുക്കം ലണ്ടൻ നഗരത്തിൽ യുദ്ധവാർത്തയെത്തും.

**യുദ്ധം കഴിഞ്ഞു.** തുറമുഖത്ത് നങ്കൂരമിട്ട കപ്പലിൽ നിന്ന് ഒന്നിന് പുറകെ ഒന്നായി രണ്ടു നിറത്തിലുള്ള കൊടികൾ ഉയർന്നു. ആ സൂചന ഇങ്ങനെയായിരുന്നു.

Wellington defeated. മൂന്നാമതൊരു സൂചനാക്കൊടി കൂടി ഉയരാൻ തുടങ്ങവേ മൂടൽമഞ്ഞിന്റെ ഒരു വലിയ അല വന്ന് കപ്പലിനെ മൂടി. ഇതാകാം അവസാനസന്ദേശം എന്നു കരുതി അടുത്തുണ്ടായിരുന്ന മറ്റൊരു കപ്പൽ ഇത് അടുത്തതിന് കൈമാറി. അങ്ങനെ ആ സന്ദേശം പല കൈമറിഞ്ഞ് ലണ്ടനിലെത്തി. Wellington defeated (വെല്ലിംഗ്ടൺ പരാജയപ്പെട്ടു). രാജ്യം മുഴുവൻ സന്ദേശം പറന്നു. സപ്തകക്ഷികൾ യുദ്ധത്തിൽ തോറ്റു. ഇനി നെപ്പോളിയൻ ലോകചക്രവർത്തി. തങ്ങൾ അദ്ദേഹത്തിന്റെ അടിമകൾ. ലണ്ടനിലെ ജനങ്ങൾ മുഴുവൻ ദുഃഖിതരായി.

**മൂന്നു മണിക്കൂറിന് ശേഷം.**

ഈ സമയം, വാട്ടർ ലൂവിലെ തുറമുഖത്ത് നങ്കൂരമിട്ടിരുന്ന കപ്പലിനെ മൂടിയിരുന്ന മഞ്ഞിൻപടലങ്ങൾ അന്തരീക്ഷത്തിൽ അപ്രത്യക്ഷമായി. പുകമഞ്ഞ് നേർത്ത് നേർത്ത് തെളിഞ്ഞു വന്ന കപ്പലിന്റെ പായ്മരത്തിന്റെ ഉച്ചിയിൽ ഇതിനോടകം മറ്റൊരു കൊടി കൂടി ഉയർന്നിരുന്നു. അപ്പോഴാണ് ആ സന്ദേശം പൂർണമായത്. അതിങ്ങനെയായിരുന്നു Wellington defeated Naepoleon (വെല്ലിംഗ്ടൺ നെപ്പോളിയനെ തോൽപ്പിച്ചു). ഇത്തിരി വൈകിയാണെങ്കിലും സന്ദേശം ലണ്ടനിലേക്ക് കുതിച്ചു. തെരുവുകൾ ഉണർന്നു. ജനങ്ങൾ ആനന്ദനൃത്തം ചവിട്ടി. എന്താണ് സംഭവിച്ചത്? മൂടൽമഞ്ഞ് അല്പനേരത്തേക്ക് സത്യത്തെ മൂടികളഞ്ഞു എങ്കിലും സത്യം മറനീക്കി പുറത്തുവന്നു. ഇതുപോലെ ജാതി മത ഭേദമന്യേ നിരാശയും മരണഭയവും എല്ലാവർക്കുമുണ്ട്. ഈ ഭയത്തിൽ പെട്ട് എല്ലാവരുടേയും പ്രത്യാശയും പ്രതീക്ഷയും നഷ്ടപ്പെടുന്നു. എന്നാൽ കല്ലറയിൽ അടക്കപ്പെട്ട് മൂന്നാംനാൾ ഉയർത്തെഴുന്നേറ്റ യേശു എല്ലാ ഭയത്തേയും ദൂരീകരിച്ച് പ്രത്യാശയും നവജീവനും വാഗ്ദാനം ചെയ്യുന്നു. ലോകത്തിന് പുതിയ സന്ദേശം, പുതുജീവൻ നൽകി രക്ഷ ഉറപ്പാക്കിയത് യേശു മാത്രമാണ്. ഈ യേശുവിനെ രക്ഷകനും ദൈവവുമായി ഉള്ളത്തിൽ സ്വീകരിച്ചാൽ ഭയവും നിരാശയും മാറും. സമാധാനവും സന്തോഷവും നിറഞ്ഞ പ്രത്യാശാനിർഭരമായ ലോകജീവിതവും സന്തോഷകരമായ നിത്യജീവനും ഉറപ്പായി ലഭിക്കും. മരണത്തെ കീഴടക്കി ഉയിർത്തെഴുന്നേറ്റ യേശുവിന് മാത്രമേ മരണത്തെ നീക്കി മനുഷ്യനെ അനശ്വരതയിലേക്ക് നയിക്കാൻ കഴിയൂ. മനുഷ്യന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ അവതാറിനല്ല, ഭൂമിയിൽ അവതരിച്ച യേശുവിന് മാത്രമേ സാധിക്കൂ. വിശ്വസിച്ചാൽ ഈ സ്വപ്നം യാഥാർത്ഥ്യമായി തീരും.

# യാത്രയും ലക്ഷ്യവും



ടി.എം. വർഗ്ഗീസ്

**കഴിഞ്ഞലക്കം തുടർച്ച**

പരീശനായ ശിമോൻ യേശുവിനെ ഭക്ഷണം കഴിപ്പാനായി തന്റെ വീട്ടിൽ ക്ഷണിച്ചു. യേശു പരീശന്റെ വീട്ടിൽ ഉണ്ടെന്നറിഞ്ഞ് ആ പട്ടണത്തിലെ പാപിയായ ഒരു സ്ത്രീ ഒരു ഭരണി വിലയേറിയ പരിമളതൈലം കൊണ്ടുവന്ന് യേശുവിന്റെ കാലിൽ പൂശി. അവൾ ദൈവപുത്രനായ യേശുവിന്റെ പുറകിൽ അവന്റെ കാല്ക്കൽ കരഞ്ഞുകൊണ്ട് നിന്നു, കണ്ണുനീർകൊണ്ട് അവന്റെ കാൽ നനച്ചു. തലമുടി കൊണ്ട് യേശുവിന്റെ കാൽ തുടച്ചശേഷം കാലിൽ ഇടവിടാതെ ചുംബിച്ചു. പരീശനായ ശിമോൻ അതു കണ്ടിട്ട്: ഈ യേശു ഒരു പ്രവാചകൻ ആയിരുന്നു എങ്കിൽ തന്നെ ചുംബിച്ച സ്ത്രീ ആരെന്നും എങ്ങിനെയുള്ളവൾ എന്നും അറിയുമായിരുന്നു എന്ന് തന്റെ ഉള്ളിൽ പറഞ്ഞത് യേശു അറിഞ്ഞിട്ട് ശിമോനോട്: ശിമോനെ നിന്നോടു ഒന്നു പറവാനുണ്ട് എന്നു പറഞ്ഞുകൊണ്ട് അഞ്ഞൂറും അൻപതും വെള്ളിക്കാശ് കടം പറ്റിയ കടക്കാർക്കു വീട്ടുവാൻ വക ഇല്ലായ്കയാൽ ഇരുവർക്കും കടം ഇളച്ചു കൊടുത്തു എന്നു പറഞ്ഞിട്ട്: ഇവരിൽ ആർ കടം ഇളച്ചു കൊടുത്തവനെ അധികം സ്നേഹിക്കും എന്നു ചോദിച്ചതിനു അധികം ഇളച്ചു കിട്ടിയവൻ എന്നു ശിമോൻ പറഞ്ഞു. നീ വിധിച്ചതു ശരി എന്നു പറഞ്ഞിട്ട് സ്ത്രീയുടെ നേരെ തിരിഞ്ഞ്: ഈ സ്ത്രീയെ കാണുന്നുവോ, ഞാൻ നിന്റെ വീട്ടിൽ വന്നു; നീ എന്റെ കാലിനു വെള്ളം തന്നില്ല, ഇവളോ കണ്ണുനീർ കൊണ്ട് എന്റെ കാൽ നനച്ചു; തലമുടികൊണ്ട് തുടച്ചു. നീ എനിക്കു ചുംബനം തന്നില്ല, ഇവളോ ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല; ഇവളോ പരിമളതൈലം കൊണ്ട് എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ എന്നു പറഞ്ഞിട്ട് സ്ത്രീയോട് : നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോക എന്നു പറഞ്ഞ് അവളെ പറഞ്ഞയച്ചു (ലൂക്കോ. 7:36-50).

യേശുവിനെ ഒരു പ്രവാചകൻ എന്നും, വെറും ഒരു തച്ചന്റെ മകൻ എന്നും, മറ്റു ദേവന്മാർക്കു തുല്യനായും അനേകർ കാണുമ്പോൾ, യേശു സാക്ഷാൽ ദൈവപുത്രൻ എന്നു വിശ്വസിച്ച് അവനെ സ്നേഹിക്കുന്ന അനേകം പാപികൾ മുകളിൽ പറയപ്പെട്ട സ്ത്രീയെപ്പോലെ, പാപക്ഷമ പ്രാപിച്ചുകൊണ്ട് നാശത്തിൽ നിന്നും ജീവനിലേക്കു യാത്ര ചെയ്തുകൊണ്ടിരിക്കുന്നു.

**വഴിയിൽ പട്ടുപോയ യൂദാ ഈസ്ക്കര്യോത്താവ്**

മൂന്നരവർഷക്കാലം യേശുവിനോടുകൂടെ നടന്ന് യേശു ദൈവപുത്രൻ എന്ന് പിതാവായ ദൈവത്തിൽ നിന്നും യേശുവിൽ നിന്നും കേൾക്കയും, യേശുവിൽ നിന്നു പഠിക്കയും, യേശുവിനെ അനുഗമിക്കയും ചെയ്ത യൂദാ ഈസ്ക്കര്യോത്താവു ദ്രവ്യാഗ്രഹിയായി നാല്പതു വെള്ളിക്കാശിന് തന്റെ നാഥനും ഗുരുവുമായ ദൈവപുത്രനെ ചുംബനം കൊണ്ട് ഒറ്റിക്കൊടുത്തു. ദൈവപുത്രനായ യേശുവിനോടുള്ള അവന്റെ സ്നേഹം വ്യാജമായിരുന്നു. മറ്റുള്ള അപ്പൊസ്തോലന്മാരെപ്പോലെ ഈ യൂദയ്ക്കു കർത്താവിന്റെ സാക്ഷിയാകുവാനോ മഹത്വമേറിയ അപ്പൊസ്തോലിക ശുശ്രൂഷയിൽ പങ്കുവഹിക്കുവാനോ കഴിയാതെ നശിച്ചുപോയി. ദൈവത്തോടും നമ്മുടെ സമസൃഷ്ടങ്ങളോടുമുള്ള നമ്മുടെ സ്നേഹം നിർവ്യാജമായിരിക്കട്ടെ. ഉള്ളിൽ കപടവും അസൂയയും, പിണക്കും, പകയും വെച്ചുപുലർത്തിക്കൊണ്ട് കർത്താവിനെ അനുഗമിച്ചാൽ യൂദയെപ്പോലെ വഴിയിൽ പട്ടുപോകും നിശ്ചയം. (തുടരും)




അനുതാപത്തിന് അഥവാ മാനസാന്തരത്തിന് എന്താണു സംഭവിച്ചത്?

സത്യത്തിൽ ആ പദം തന്നെ ഇന്നു സഭകളിൽ കേൾക്കാനില്ല. തങ്ങളുടെ തെറ്റുകൾകൊണ്ട് ക്രിസ്തുവിനെ വേദനപ്പിച്ചതിനെ ഓർത്തു കരയുവാൻ, അനുതപിക്കാൻ, ഇടയന്മാർ സഭാജനങ്ങളെ ആഹ്വാനം ചെയ്യുന്നതുപോലും ഇന്നു പഴങ്കഥയായി മാറിയിരിക്കുന്നു.

പകരം പ്രസംഗപീഠങ്ങളിൽ എന്താണു കേൾക്കുന്നത്? വിശ്വസിക്കുക മാത്രം ചെയ്യുക, ക്രിസ്തുവിനെ സ്വീകരിക്കുക. എന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. ഉവ്വ്. ഈ സന്ദേശത്തിന് ആധാരമായി ഉദ്ധരിക്കുന്ന തിരുവെഴുത്ത് എപ്പോഴും അ.പ്ര. 16:30-31 ആണ്.

ഈ ഭാഗം നമുക്കറിയാം. അപ്പൊസ്തോലനായ പൗലോസ് കാരാഗൃഹത്തിൽ ആയിരിക്കുമ്പോൾ പെട്ടെന്നു ഭൂമി കുലുങ്ങി, കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി. വാതിലുകൾ മലർക്കെ തുറന്നു. തടവുകാരെല്ലാം ഈ തക്കത്തിന് ഓടി രക്ഷപ്പെട്ടിരിക്കും എന്നു കാരാഗൃഹപ്രമാണി കരുതിപ്പോയി. അങ്ങനെ എങ്കിൽ താൻ വധശിക്ഷയ്ക്കു വിധിക്കപ്പെടുമെന്നത് ഉറപ്പാണ്. കൊടും നൈരാശ്യത്തോടെ കാരാഗൃഹപ്രമാണി ആത്മഹത്യയ്ക്കായി വാളൂരി. അപ്പോൾ പൗലോസും ശീലാസും, ഒരാൾ പോലും തടവുചാടിയിട്ടില്ലെന്ന് ഉറപ്പിച്ചു പറഞ്ഞ് ഒരുവിധത്തിൽ അയാളെ ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ചു.

ഉടനെ കാരാഗൃഹപ്രമാണി അപ്പൊസ്തോലന്മാരുടെ കാല്ക്കൽ വീണു കേഴുകയാണ് 'യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ എന്തു ചെയ്യണം? അവർ അപ്പോൾ നൽകിയ മറുപടിയാണിത് "കർത്താവായ" യേശുക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അ.പ്ര. 16:30:31).

ഈ ഭാഗം വായിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണേ. കാരാഗൃഹപ്രമാണി ഒരു കയ്യിൽ വാളുമായി ആത്മഹത്യയ്ക്കു തുനിയുകയായിരുന്നു. ആകെ തകർന്നു വിറച്ചുകൊണ്ട് അപ്പൊസ്തോലന്മാരുടെ കാൽക്കൽ വീണു നിലവിളിക്കുന്ന അയാൾ യഥാർത്ഥമായ അനുതാപത്തിലും ഹൃദയത്തകർച്ചയിലും ഇതിനകം വന്നുകഴിഞ്ഞിരുന്നു. നിർവ്യാജമായ വിശ്വാസത്തോടെ യേശുവിനെ സ്വീകരിക്കുവാൻ അയാളുടെ ഹൃദയം സത്യമായും ഒരുക്കപ്പെട്ടു കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് 'വിശ്വസിക്കമാത്രം ചെയ്ക' എന്ന് അപ്പൊസ്തോലന്മാർ പറഞ്ഞത്.

മർക്കോസിന്റെ സുവിശേഷത്തിൽ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്ന് യേശു പ്രസ്താവിച്ചിട്ടുണ്ട് എന്നതു ശരിയാണ് (മർക്കോ. 16:16) എന്നാൽ അതിനു തൊട്ടു മുൻപുള്ള വാക്യത്തിൽതന്നെ 'ഭൂലോകം എങ്ങും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കേണം' എന്ന് യേശു പറഞ്ഞ കാര്യം ശ്രദ്ധിക്കുക. എന്താണ് അവിടുന്ന് അർത്ഥമാക്കിയത്? ആളുകൾക്ക് തന്നിൽ വിശ്വസിക്കുവാൻ അവസരം ഒരുക്കിക്കൊണ്ട് ആദ്യമേ അവരോടു സുവിശേഷം പ്രസംഗിക്കേണ്ടതുണ്ട് എന്ന് അവിടുന്നു വ്യക്തമാക്കുന്നുണ്ടായിരുന്നു.

യേശു പരാമർശിക്കുന്ന ഈ സുവിശേഷം എന്താണ്? താൻതന്നെ പ്രസംഗിച്ച മാനസാന്തരത്തിന്റെ സുവിശേഷമാണിത്.

മരുഭൂമിയിൽ പരീക്ഷകളെ നേരിട്ടശേഷം പരസ്യശുശ്രൂഷയ്ക്കു തുനിഞ്ഞ യേശു ആദ്യം നൽകിയ സന്ദേശം എന്തായിരുന്നു? 'അന്നു മുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് പ്രസംഗിച്ചു തുടങ്ങി' എന്നാണ് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ. 4:17).

വിശ്വസിക്കാൻ ആളുകളോട് ആഹ്വാനം ചെയ്യുന്നതിനുമുമ്പേ യേശു മാനസാന്തരപ്പെടുവാനാണ് അവരോട് ആവശ്യപ്പെട്ടതെന്നു ചുരുക്കം. മർക്കോസ് എഴുതുന്നു "... യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു" (മർക്കോ. 1:14-15). യേശുവിന്റെ പ്രസംഗം ആദ്യം പശ്ചാത്തപിക്കുക, എന്നിട്ട് വിശ്വസിക്കുക എന്നതായിരുന്നു.

മറ്റൊരിടത്ത് യേശു തന്റെ ശുശ്രൂഷയെക്കുറിച്ച് 'ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നത് എന്നു പറയുന്നു (മത്താ. 9:13). 'അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും' എന്ന് അവിടുന്ന് ഗലീലക്കാരോടു പറഞ്ഞതും ഓർക്കുക (ലൂക്കോ. 13:3).

ചുരുക്കത്തിൽ യേശുവിന്റെ സുവിശേഷം മുഴുവൻ മാനസാന്തരത്തെക്കുറിച്ചായിരുന്നു. യേശുവിന്റെ വരവിന് മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനും മാനസാന്തരത്തെക്കുറിച്ചാണ് പ്രസംഗിച്ചത്. "ആ കാലത്ത് യോഹന്നാൻ സ്നാപകൻ വന്നു. യഹൂദ്യമരുഭൂമിയിൽ പ്രസംഗിച്ചു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു" (മത്താ. 3:1-2).

പ്രസംഗം കേൾപ്പാൻ വന്നവരോട് യോഹന്നാൻ സ്നാപകനു പറയാനുണ്ടായിരുന്നത് ഇതായിരുന്നു. "മിശിഹാ വേഗം നിങ്ങളുടെ മധ്യത്തിൽ വെളിപ്പെടും. അവനെ എതിരേൽപ്പാൻ ഒരുങ്ങിക്കൊള്ളുക. അവൻ വരുന്നു എന്ന വാർത്ത നിങ്ങൾക്ക് ആവേശം നൽകുന്നുണ്ടാവും. എന്നാൽ അവനെ സ്വീകരിക്കാൻ നിങ്ങളുടെ ഹൃദയങ്ങൾ സജ്ജമായിട്ടില്ല എന്നതാണു നേര്. കാരണം നിങ്ങൾ ഇപ്പോഴും പാപത്തെ താലോലിക്കുന്നവരാണ്.

"പുറമേ നിങ്ങൾ വിശുദ്ധരും നല്ലവരുമായി കാണപ്പെടുന്നു. എന്നാൽ അകമേ മരിച്ചവരുടെ അസ്ഥികൾ നിറഞ്ഞിരിക്കുകയാണ്. നിങ്ങൾ സർപ്പസന്തതികളാണ്. ദൈവഭയം ലവലേശമില്ല. നിങ്ങൾ പാപങ്ങളെ ഗൗരവമായി കാണുന്നില്ല. രക്ഷകനെ വിശ്വസിച്ച് തന്നെ അനുഗമിക്കുന്നതിനു മുമ്പേ നിങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുക. പാപങ്ങളെ വിട്ടുതിരിയുക ജീവിതം വ്യത്യസ്തമാകട്ടെ."

പെന്തക്കോസ്തുനാളിൽ പത്രോസ് പ്രസംഗിച്ച സുവിശേഷത്തിന്റെ സാരാംശവും മറ്റൊന്നല്ലായിരുന്നു. അപ്പൊസ്തോലന്റെ പ്രസംഗം കേട്ടപ്പോൾ "അവർ ഹൃദയത്തിൽ കുത്തുകൊണ്ട് പത്രോസിനോടും ശേഷം അപ്പൊസ്തോലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തുചെയ്യേണ്ടു എന്നു ചോദിച്ചു. പത്രോസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അ.പ്ര. 2:37-38).

"വെറുതേ വിശ്വസിക്കുക മാത്രം ചെയ്തു രക്ഷിക്കപ്പെടുക" എന്നതായിരുന്നില്ല പത്രോസിന്റെ പ്രസംഗം എന്നതു ശ്രദ്ധിക്കുക. കേവലം ഒരു തീരുമാനം എടുക്കുക, യേശുവിന് അനുകൂലമായി ഒരു വോട്ടു രേഖപ്പെടുത്തുക-ഇതായിരുന്നോ പത്രോസ് ആവശ്യപ്പെട്ടത്? അല്ല. മറിച്ച് ആദ്യം അനുതപിക്കണം. പിന്നെ വിശ്വസിച്ച് ക്രിസ്തുവിനോടുള്ള അനുസരണത്തിൽ സ്നാനം ഏൽക്കണം.

അഥേനയിലുള്ളവരോട് അരയോപഗക്കുന്നിൽ നിന്നുകൊണ്ട് അപ്പൊസ്തോലനായ പൗലോസ് പ്രഘോഷിച്ച സുവിശേഷം എന്തായിരുന്നു? 'ദൈവം ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാവരും മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവാൻ കൽപിക്കുന്നു' എന്നാണ് പൗലോസ് വ്യക്തമായി പ്രസംഗിച്ചത് (അ.പ്ര. 17:30).

സത്യത്തിൽ അവിടെ ഉണ്ടായിരുന്ന ഗ്രീക്കുകാരായ ബുദ്ധിജീവികൾക്ക് 'വിശ്വസിക്കുന്ന'തിന് ഒരു പ്രയാസവുമില്ലായിരുന്നു. അവർ ഒരു ദൈവത്തെ വിശ്വസിക്കുന്നു. പക്ഷേ എല്ലാം വിശ്വസിക്കുമ്പോഴും അവർ പാപത്തിൽ തുടരുകയായിരുന്നു.

പക്ഷേ, പൗലോസിന് അവരുടെ വെറും വിശ്വാസം മാത്രം പോരായിരുന്നു. അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ ദൈവങ്ങളുടെ പട്ടികയിൽ യേശുവിനെക്കൂടി ഉൾപ്പെടുത്തിയിട്ടു കാര്യമില്ല. നിങ്ങളെ പാപങ്ങളിൽനിന്നു വീണ്ടെടുക്കാനാണ് അവിടുന്ന് വന്നത്. തന്റെ പിൻഗാമികളെല്ലാം പശ്ചാത്തപിച്ച് ശുദ്ധീകരണം പ്രാപിക്കണമെന്നും അവിടുന്നു കല്പിക്കുന്നു." മാനസാന്തരത്തിന്റെ ഈ സുവിശേഷം പൗലോസ് പിന്നീട് അഗ്രിപ്പാ രാജാവിനോടും പങ്കുവയ്ക്കുന്നു "അതുകൊണ്ട് അഗ്രിപ്പാരാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേടു കാണിക്കാതെ ആദ്യം ദമസ്കൊസിലും യെരുശലേമിലും യഹൂദ്യാദേശത്തെങ്ങും ഉള്ളവരോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യണം എന്നു പ്രസംഗിച്ചു" (അ.പ്ര. 26:19,20). പൗലോസ് പറയുന്നതിന്റെ സാരം താൻ ചെല്ലുന്നിടത്തൊക്കെയും അനുതാപത്തെക്കുറിച്ചും; യഥാർത്ഥ അനുതാപം തുടർന്നുള്ള പ്രവൃത്തികളിലൂടെ വെളിപ്പെടും എന്നതിനെക്കുറിച്ചും പ്രസംഗിച്ചു എന്നാണ്.

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തിരുത്തെഴുത്തുകളിൽനിന്നെല്ലാം ഒരു വസ്തുത വ്യക്തമാണ്. അപ്പൊസ്തോലിക സഭ ലജ്ജ കൂടാതെ പ്രഘോഷിച്ചത്, യോഹന്നാൻ സ്നാപകനും യേശുവും പ്രസംഗിച്ച, നിങ്ങളുടെ പാപത്തിന്റെ മോചനത്തിനായി അനുതപിച്ച്, വിശ്വസിച്ച് മാനസാന്തരപ്പെടുവിൻ, എന്ന സന്ദേശമാണ്.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***അയ്യായിരം വർഷത്തെ ഹൈന്ദവ പാരമ്പര്യവും രണ്ടായിരം വർഷത്തെ ക്രിസ്തീയ പാരമ്പര്യവും ചേർത്ത് ക്രിസ്തീയ പാരമ്പര്യത്തെ ആക്ഷേപിക്കുന്ന ഒരു പ്രസംഗം ഇതോടൊപ്പം അയയ്ക്കുന്നു. തീർച്ചയായും പ്രതികരിക്കണം. ഞങ്ങൾ അത് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.***

***വി.ജെ.കുഞ്ഞുമ്മൻ, മുഴുക്കീർ, കല്ലിശ്ശേരി, തിരുവല്ല***

**കഴിഞ്ഞലക്കം തുടർച്ച**

**ലോ**കമതങ്ങളുടെ ഈറ്റില്ലം ഏഷ്യയാണെന്ന് പറയുന്നതിൽ തെറ്റില്ല. പ്രമുഖമായ പതിനൊന്നു മതങ്ങളിൽ എട്ടെണ്ണത്തിനും ഇന്ത്യയിൽ അനുയായികളുണ്ട്. കൺഫ്യൂഷ്യൻ-താവോ-ഷിൻന്റോ മതങ്ങൾക്കു മാത്രമാണ് ഇന്ത്യയിൽ അനുഭാവികളില്ലാത്തത്. അവ ചൈനീസ്, ജപ്പാനീസ് മതങ്ങളാണ്. മുസ്ലീം-യഹൂദ-ക്രിസ്ത്യൻ-ഹിന്ദു-ബൗദ്ധ-ജൈന-പാർസി-സിക്കുമത വിശ്വാസികൾ ഭാരതത്തിൽ ഇടകലർന്നു ജീവിക്കുന്നു. ഹിന്ദുമതം സിന്ധു നദീതടത്തിൽ ആരംഭിച്ചതാണ്. ഹിന്ദുമതത്തിന്റെ നാരായവേരും അവിടെത്തന്നെ. ബി.സി. ആറാം നൂറ്റാണ്ടിൽ പാറ്റ്ന-ബനാറസ്സിൽ ജീവിച്ചിരുന്ന ശ്രീബുദ്ധനാണ് ബുദ്ധമതത്തിനു രൂപം നൽകിയത്. ഉത്തരേന്ത്യക്കാരനായ വർദ്ധമാനവീരനാണ് ജൈനമത്തിന്റെ ശിൽപി. ഇസ്ലാമിന്റെ ആവിർഭാവത്തിന് അയ്യായിരം വർഷങ്ങൾക്കുമുമ്പുതന്നെ അറബികൾ വ്യാപാരാർത്ഥം കേരളം വഴി ഭാരതത്തിൽ വ്യാപാര ബന്ധം സ്ഥാപിച്ചിരുന്നു. ബി.സി. 1300 -1010-970 മുതൽ അബ്രഹാം-ദാവീദ്-സോളമൻ രാജാക്കന്മാരുടെ ഭരണം തൊട്ട് അറബികൾ കേരളത്തിൽ ഉണ്ടായിരുന്നതായി ഐതിഹങ്ങൾ ഉണ്ട്. ചേരമൻ പള്ളിയും, മട്ടാഞ്ചേരിയിലുള്ള സിനഗോഗും, പാലയൂർ പള്ളിയും മുസ്ലീം, യഹൂദ, ക്രിസ്ത്യൻ പാരമ്പര്യങ്ങൾ ഉദ്ഘോഷിക്കുന്നവയാണ്. ആര്യമതത്തിന്റെ സഹോദരമതമായ സോരവാസ് അഥവാ പാർസികൾ പേർഷ്യയിൽനിന്ന് വന്നവരാണ്. ഭാരതീയ സംസ്കാരത്തിന് വിലയേറിയ സംഭാവനകൾ നൽകിയ അവർ രണ്ടുലക്ഷത്തിൽ കൂടുതൽ കേരളത്തിലുണ്ട്. സിക്കുമതസ്ഥാപകൻ ഗുരുനാനാക്കാണ് (1469-1539 എ.ഡി.). പഞ്ചാബിൽ സിക്കുകാർ രണ്ടുകോടിയിലേറെയുണ്ട്.




ഇസ്ലാം മതസ്ഥാപകൻ മുഹമ്മദ് നബി 571 എ.ഡി.യിൽ സൗദി അറേബ്യയിലെ മെക്കയിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ സന്ദേശം ലളിതവും ഹ്രസ്വവുമായിരുന്നു. മെക്ക നിവാസികളുടെ എതിർപ്പു നിമിത്തം 632 എ.ഡി.യിൽ മുന്നൂറുനാഴിക അകലെയുള്ള മദീനയിലേക്ക് പലായനം ചെയ്തു. ഈ പലായനവർഷമായ ഹിജ്റാ 622 എ.ഡി.യെ മുസ്ലീംകൾ ഒന്നാം വർഷമായി കണക്കാക്കുന്നു. 632-ൽ മുഹമ്മദ് നബി ഇഹലോകവാസം വെടിഞ്ഞു. ഇസ്ലാംമത തത്ത്വങ്ങൾ പഞ്ചസ്തംഭങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ഏകദൈവമായ അല്ലാഹുവിനെ ആരാധിക്കുക-പ്രവാചകനായ മുഹമ്മദ് നബിയെ ആദരിക്കുക, പ്രതിദിനം അഞ്ചുപ്രാവശ്യം പ്രാർത്ഥിക്കുക, റമസാൻ മാസത്തിൽ ഉപവാസമനുഷ്ഠിക്കുക, സക്കാത്ത് (ദാനം) കൊടുക്കുക, മെക്കയിലേക്ക് ഹജ്ജ് (തീർത്ഥാടനം) നടത്തുക. ഇസ്ലാംമത ഗ്രന്ഥമായ ഖുറാൻ വളരെ ആദരപൂർവ്വമാണ് മുസ്ലീംകൾ പരിഗണിക്കുന്നത്. യേശുക്രിസ്തുവിനെയും മറിയത്തിനെയും ഖുറാനിൽ ആദരപൂർവ്വമാണ് എഴുതിയിരിക്കുന്നത്. മുഹമ്മദ് നബിയുടെ വാക്കുകൾ കേൾക്കേണ്ടതാണ്. 'പിശാചിന്റെ സ്പർശനമേൽക്കാതെ ഒരു മനുഷ്യനും ഭൂമിയിൽ പിറന്നു വീഴുന്നില്ല. അതുകൊണ്ടാണ് പിറക്കുന്ന അവസരങ്ങളിൽ ശിശുക്കൾ കരയുന്നത്. എന്നാൽ മറിയവും അവളുടെ പുത്രനായ ഈസാ നബിയും മാത്രം പിശാചിന്റെ സ്പർശനത്തിൽ നിന്ന് മുക്തമായിരുന്നു. ഈശോയുടെ ജനനത്തെക്കുറിച്ചും ഖുറാനിൽ പ്രസ്താവിക്കുന്നുണ്ട്.' ഓ മറിയം അല്ലാഹു നിന്നെയിതാ ഒരു സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേര് മറിയത്തിന്റെ പുത്രൻ 'മിസിഹാഈസാ' (ഈശോമശിഹാ) എന്നായിരിക്കും. അല്ലാഹു ഈശോക്ക് വേദവും തത്വങ്ങളും (തൗറാത്തും ഇഞ്ചീലും) (നിയമവും സുവിശേഷവും) എല്ലാം പഠിപ്പിച്ചുകൊടുക്കുകകൂടി ചെയ്യും (സൂറ 345:349).

സിന്ധുനദീതട സംസ്ക്കാരത്തിൽ കാണുന്ന പ്രാഗ്ആചാര്യന്മാരുടെയും (ആദി ദ്രാവിഡർ) അവർക്ക് മുമ്പുവന്ന ആസ്ട്രേലിയൻ ആദിവാസികളുടെയും ബി.സി. 1600ൽ എത്തിയ ആര്യന്മാരുടെയും മതവിശ്വാസ ആചാരാനുഷ്ഠാനങ്ങൾ കൂടിക്കലർന്ന് സഹസ്രാബ്ദങ്ങളിലൂടെ വികസിച്ചതാണ് ഹിന്ദുമതം. സമുന്നതങ്ങളായ തത്ത്വങ്ങളും അനുഷ്ഠാനങ്ങളും ഹിന്ദുമതത്തിലുണ്ട്. ഏകദൈവത്തെ ഏതുപേരിലും വിളിക്കുകയും ആരാധിക്കുകയും ചെയ്യാം. ജീവിതസുഖങ്ങളെക്കുറിച്ച് നാല് സത്യങ്ങൾ പഠിപ്പിക്കുകയും, അഷ്ടാംഗമാർഗ്ഗം നിർദ്ദേശിക്കുകയും, നിർവ്വാണപ്രാപ്തിക്ക് മനുഷ്യസമൂഹത്തെ ആഹ്വാനം ചെയ്ത ശ്രീബുദ്ധന്റെ മതം പ്രഖ്യാതമാണ്. അഹിംസ, സത്യം അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നീ അഞ്ചു വ്രതങ്ങൾ അനുശാസിച്ച മഹാവീരന്റെ ജൈനമതവും ലോകമതങ്ങളിൽ ഗണനീയമാണ്. ഇസ്ലാം മതത്തിലേക്കുള്ള പഞ്ചാബികളുടെ ഒഴുക്ക് തടയാനായി ഗുരുനാനാക്ക് സ്ഥാപിച്ച സിക്കുമതം ലോകപ്രശസ്തമാണ്. ബുദ്ധമതക്കാരും ജൈനമതക്കാരും ഇന്ത്യൻ ജനസംഖ്യയുടെ ചെറിയ ശതമാനമേ വരികയുള്ളു.



ഭാരതചരിത്രത്തെ പുളകം ചാർത്തിയിട്ടുള്ള ഒരു പ്രദേശമാണ് ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള മസൂരിയസ്, (കൊടുങ്ങല്ലൂർ). എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമാക്കാരനായ പ്ലിനി എന്ന ചരിത്രകാരനും പെരിപ്ലസ് എന്ന യാത്രാവിവരണക്കാരനും കൊടുങ്ങല്ലൂരിനെപ്പറ്റി പറയുന്നുണ്ട്. ചെങ്കടലിലെ ഒകേലിസിൽ നിന്ന് നാല്പതു ദിവസം കൊണ്ട് എത്തിച്ചേരാവുന്ന തുറമുഖമാണ് കൊടുങ്ങല്ലൂർ എന്ന് പെരിപ്ലസിന്റെ യാത്രാവിവരണത്തിൽ പറയുന്നുണ്ട്. ഗ്രീക്കുകാരുടെയും റോമാക്കാരുടെയും കപ്പലുകളിൽ സ്വർണ്ണം കൊണ്ടുവരികയും വനോല്പന്നങ്ങൾ കയറ്റിപ്പോവുകയും ചെയ്തിരുന്നു. അറബികളും, യഹൂദരും ക്രിസ്ത്യാനികളും, കോളനികളിൽ അന്നേ താമസമുണ്ടായിരുന്നു. കേരളത്തിലെ ചേന്ദമംഗലത്തും, ചേരമാൻ പള്ളിപ്പരിസരത്തും, കൊടുങ്ങല്ലൂരിലും കൂട്ടമായി കുടിയേറി പാർത്തവരായിരുന്നു അവർ. ഈ കുടിയേറ്റങ്ങൾക്ക് അയ്യായിരം വർഷം വരെ പഴക്കമുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. മഹാനായ സോളമന്റെ കാലത്ത് ബി.സി. 970-ൽ നിർമ്മിക്കപ്പെട്ട ഒർശ്ശലേം' ദേവാലയനിർമ്മിതിക്കു വിലപിടിപ്പുള്ള തേക്ക്, ഈട്ടി, പോങ് തടികൾ ഉപയോഗിച്ചതായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ട്. മഹത്തായ ജറുശലേം ദേവാലയത്തിന്റെ നിർമ്മിതിയിൽപ്പോലും കേരളത്തിലെ വനവിഭവങ്ങളായ ആനക്കൊമ്പും, ചന്ദനവും, തേക്കും ഉപയോഗിച്ചു എന്നുള്ളത് ഈ രാജ്യത്തിന്റെ പൗരാണിക സംസ്കാരത്തിലേക്കും ചരിത്രത്തിലേക്കുമുള്ള ചൂണ്ടുപലകയാണ്.

ദൈവത്തെ സംബന്ധിച്ചും മതങ്ങളുടെ ധർമ്മത്തെക്കുറിച്ചുമുള്ള തെറ്റിദ്ധാരണകളാണ് ഭാരതത്തിലെ അടിസ്ഥാനപ്രശ്നം. ജീവനെ സംരക്ഷിക്കുക എന്നതാണ് മതങ്ങളുടെ കർത്തവ്യം. നീ കൊല്ലരുത് എന്നുപറയുന്ന പ്രമാണത്തിൽ വിട്ടുവീഴ്ചകളില്ല. ഏതവസ്ഥയിലും കൊല്ലരുത് എന്നർത്ഥം. ദൈവത്തെക്കുറിച്ചുള്ള ധാരണയില്ലായ്മയാണ് പ്രശ്നം. ദൈവത്തെ ഒരു ബിംബമായോ, കുട്ടിദൈവമായോ കൊണ്ടുനടക്കുമ്പോഴാണ് ആ ദൈവം തന്റേതുമാത്രമാകുന്നത്. ഇങ്ങനെ വരുന്ന സങ്കൽപത്തിൽ കൊല്ലുക എന്ന ചിന്തക്ക് പവിത്രതയും പരിശുദ്ധിയും ഉണ്ടാകുന്നു. മതങ്ങളുടെ ചരിത്രത്തിൽ ദൈവത്തെക്കുറിച്ചുള്ള ഇത്തരം തെറ്റിദ്ധാരണകൾ, സർവ്വവ്യാപിയായ ദൈവസങ്കല്പത്തിന് എതിരാണ്. രോഗഗ്രസ്ഥമായ മതചിന്തയാണ് കൊന്നും കൊലവിളിച്ചും ദൈവാരാധന നടത്തുന്നത്. മനുഷ്യസ്നേഹത്തിലും സാഹോദര്യത്തിലും സമത്വത്തിലും തുടർന്നുപോകാൻ, വർഗ്ഗീയതയ്ക്ക് എതിരായി മതേതരത്വത്തിൽ നീങ്ങുന്നതാണ് കരണീയമായിട്ടുള്ളതെന്നത് നല്ല കാര്യമാണ്.

ഇന്ത്യൻ മണ്ണിൽ ജനിച്ച് വളർന്നവരാണെങ്കിലും വിശ്വാസത്തിന്റെ സ്ഥാപകരും സ്ഥലങ്ങളും ഇന്ത്യയ്ക്കു പുറത്തായതിനാൽ മുസ്ലീംകളെയും ക്രൈസ്തവരെയും വിദേശമുദ്ര കുത്തിയാണ് അവതരിപ്പിക്കുന്നത്. ഹിന്ദുമതം സർവ്വാശ്ലേഷിതമാണ്. നാനാത്വത്തിലെ ഏകത്വം അതിന്റെ അടിസ്ഥാനപരമായ സവിശേഷതകളിലൊന്നാണ്. സഹിഷ്ണുതയാണ് അതിന്റെ ധർമ്മം. യഥാർത്ഥ ഹിന്ദുമതത്തിൽ നിന്നുള്ള ഒരു അപഭ്രംശമാണ് അതിന്റെ വർഗ്ഗീയവാദം. തീവ്രവാദം അതിലെ ഭയത്തിന്റെ ഫലവുമാകാം. സത്യത്തിന് മാത്രമേ ഇന്നത്തെ ലോകത്തിലെ വർഗ്ഗീയതയെ സുഖപ്പെടുത്താനാവു. ഇതുപോലെയുള്ള മതതീവ്രവാദത്തിന്റെയും കാപട്യത്തിന്റെയും അന്തരീക്ഷത്തിലാണ് സാക്ഷാൽ സത്യമായ യേശുക്രിസ്തു ദൈവരാജ്യം പ്രഘോഷിച്ചത്.

ജനസംഖ്യയുടെ മുക്കാൽ ഭാഗത്തോളം വരുന്ന അടിസ്ഥാനജനത എങ്ങനെ പ്രാന്തവത്കരിക്കപ്പെട്ടു എന്ന ചോദ്യം, ന്യൂനപക്ഷ സമൂഹങ്ങൾ ഭൂരിപക്ഷ സമൂഹങ്ങളെ ജീവിതത്തിൽ നിന്ന് ആട്ടിയോടിച്ച ചരിത്ര സത്യത്തിന് നേർക്ക് ചൂണ്ടപ്പെട്ട വിരലായിതീരുന്നു.

ചെറിയ ഒരു ന്യൂനപക്ഷമായിരുന്ന വൈദിക ബ്രാഹ്മണ മതം, ഭൂരിപക്ഷം വരുന്ന ഇന്ത്യയിലെ ദേശീയ ജനതയെ അടിമകളാക്കിയ ചരിത്രം, അയ്യായിരം വർഷത്തെ സാംസ്കാരിക പാരമ്പര്യത്തോടു ചേർത്തുവായിക്കുമ്പോൾ ചരിത്രത്തിന്റെ ചതിക്കുഴികളും കാണാറാകും

ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യരെ വേർതിരിക്കുകയും ആട്ടിയകറ്റുകയും അവഹേളിക്കുകയും ചെയ്യുന്ന സംസ്കാരം എന്ത് സംസ്കാരമാണ്? ആ സംസ്കാരത്തിന്റെ പഴമയെയും പാരമ്പര്യത്തെയും കുറിച്ച് എന്തിനാണ് അതിന്റെ ഇരകൾ രോമാഞ്ചം കൊള്ളുന്നത്?

**വിശദമായ വായനയ്ക്കും ചിന്തയ്ക്കുമായി "ഭാരതചരിത്രം" പഠനലേഖനം ആവശ്യപ്പെടുക.**

This is The Word of God
Any Doubt
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st September 2014
Posted on 15th September 2014
Posted at R.M.S. Kayamkulam




ഒരിക്കൽ ഒരു സന്ന്യാസിയും ശിഷ്യന്മാരും നദിതീരത്ത് എത്തി. അപ്പോഴാണ് അവിടെ വന്ന ഒരു കുടുംബത്തിലെ രണ്ടുപേർ തമ്മിൽ ഭയങ്കര വഴക്ക് നടക്കുന്നത് കണ്ടത്. നേർക്കുനേർ നിന്ന് രണ്ടുപേരും ആക്രോശിക്കുകയാണ്.

ഇതുകണ്ട് സന്ന്യാസി ചിരിച്ചുകൊണ്ട് തന്റെ ശിഷ്യന്മാരോട് ചോദിച്ചു: "എന്തുകൊണ്ടാണ് മനുഷ്യർ തമ്മിൽ കലഹിക്കുമ്പോൾ ഇങ്ങനെ ഉച്ചത്തിൽ സംസാരിക്കുന്നത്?"

ചോദ്യം കേട്ട് ഒരു ശിഷ്യൻ പറഞ്ഞു: "അത് മനസ്സിലെ ദേഷ്യം നിയന്ത്രിക്കാൻ പറ്റാത്തതുകൊണ്ടായിരിക്കും, ഗുരോ."

"ശരി. എങ്കിൽ അടുത്തുനിൽക്കുന്നയാൾ കേൾക്കാൻ അയാൾ ഇത്ര ഉച്ചത്തിൽ സംസാരിക്കണോ? മനസ്സിലുള്ള കാര്യങ്ങൾ അടുത്തുനിൽക്കുന്നയാൾ മാത്രം കേൾക്കുന്ന ശബ്ദത്തിൽ പറഞ്ഞാൽ പോരേ?"

ശിഷ്യന്മാർ ഇതു കേട്ട് മിണ്ടാതെ നിന്നു. അപ്പോൾ ഒടുവിൽ സന്ന്യാസിതന്നെ അതിന്റെ മറുപടി പറഞ്ഞു: "രണ്ടുപേർ തമ്മിൽ കലഹിക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ തമ്മിൽ വളരെ അകലെയാവും. അത്രയും അകലെയുള്ള ഹൃദയവുമായി സംസാരിക്കാനാണ് അവർ ശബ്ദം ഉയർത്തുന്നത്!"




ഒന്ന് നിർത്തിയിട്ട് സന്ന്യാസി തുടർന്നു: "പരസ്പരം സ്നേഹിക്കുന്നവരെ നോക്കൂ. അവർ വളരെ പതിയെ ആയിരിക്കും സംസാരിക്കുന്നത്. കാരണം അവരുടെ ഹൃദയങ്ങൾ വളരെ അടുത്തായിരിക്കും. ഹൃദയത്തിന്റെ അടുപ്പം കൂടുന്തോറും സംസാരം മന്ത്രിക്കൽ ആകും. പിന്നെയും ഹൃദയങ്ങൾ അടുത്താൽ തമ്മിലുള്ള നോട്ടം കൊണ്ടുപോലും പരസ്പരം സംസാരിക്കാൻ മനുഷ്യർക്ക് അറിയാം."

ഇതെല്ലാം ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന ശിഷ്യന്മാരോട് സന്ന്യാസി പറഞ്ഞു: "അതുകൊണ്ട് നാം മറ്റുള്ളവരോട് സംസാരിക്കുമ്പോൾ ഹൃദയങ്ങൾ തമ്മിൽ അകലാതെ ശ്രദ്ധിക്കുക. ഹൃദയങ്ങൾ അകന്നകന്ന് അങ്ങ് ദൂരെ എത്തിയാൽ പിന്നെ അടുത്ത് എത്താനുള്ള വഴി പോലും നമുക്ക് കണ്ടെത്താനാവില്ല!"

ഒരു കാര്യം നാം ഓർക്കണം; നാം എന്തു പറഞ്ഞാലും ഏതു ഭാഷയിൽ സംസാരിച്ചാലും അതു നമ്മുടെ വ്യക്തിത്വത്തിന്റെ പ്രതിഫലനം തന്നെയായിരിക്കും. പ്രവൃത്തിയോടൊപ്പംതന്നെ വാക്കുകളും നമ്മുടെ വ്യക്തിത്വത്തിന്റെ പ്രകാശനമാണ്. തന്മൂലമാണല്ലോ, ഹൃദയത്തിന്റെ തികവിൽനിന്നാണ് അധരങ്ങൾ സംസാരിക്കുന്നത് എന്ന് യേശു അരുളിച്ചെയ്തത് (മത്തായി 13:34).

നാം ഉച്ചരിക്കുന്ന ഓരോ വാക്കും നമ്മുടെ ആത്മസത്തയുടെ ഭാഗമാണെന്നാണു ബൃഹദാരണ്യക ഉപനിഷത്തിന്റെ ഭാഷ്യം. വിദേഹരാജ്യത്തെ രാജാവായിരുന്ന വിജ്ഞാനദാഹിയായ ജനകൻ, മഹർഷിയായ യാജ്ഞവൽക്യനുമായി നടത്തിയ ഒരു സംഭാഷണം ഉപനിഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാക്ക് എന്നു പറയുന്നത് ആത്മസത്തയാണെന്നാണ് യാജ്ഞവൽക്യൻ ആ സംഭാഷണത്തിൽ സമർഥിച്ചിരിക്കുന്നത്.

നമ്മുടെ വാക്കുകൾ നമ്മുടെ ആത്മസത്തയും ജീവിതത്തിന്റെ പ്രതിഫലനവുമായിരിക്കുന്നതുകൊണ്ടാണു മനുഷ്യൻ വ്യർഥമായി പറയുന്ന ഓരോ വാക്കിനും വിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന് യേശു അനുസ്മരിപ്പിച്ചത് (മത്താ. 12:36). നമ്മുടെ ജീവിതം ആദർശപൂർണവും മൂല്യാധിഷ്ഠിതവുമാണെങ്കിൽ നമ്മുടെ വാക്കുകൾക്കും അതിന്റെ പ്രത്യേകത കാണും. പ്രലോഭനങ്ങളെ നേരിടുന്നതിലും ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതിലുമൊക്കെ നാം കാണിക്കുന്ന വിവേകവും ആത്മധൈര്യവും അപ്പോൾ നമ്മുടെ വാക്കുകളുടെ നിയന്ത്രണത്തിലുമുണ്ടാകും.

ചിന്താഗതിയും ജീവിതവീക്ഷണവുമൊക്കെ നമ്മുടെ വാക്കുകളെ നിയന്ത്രിക്കുന്നതുപോലെതന്നെ വാക്കുകൾക്കും സംസാരരീതിക്കും നമ്മുടെ ചിന്താഗതിയേയും ജീവിത വീക്ഷണത്തെയും സ്വാധീനിക്കാനാവും. നാം പറയുന്ന നല്ല കാര്യങ്ങൾ എത്ര വേഗത്തിലാണു പലപ്പോഴും നമ്മുടെയും ശ്രോതാക്കളുടെയും ജീവിതത്തെ ക്രിയാത്മകമായി സ്വാധീനിക്കുന്നത്. ക്രിയാത്മകവും പ്രചോദനാത്മകവുമായ കാര്യങ്ങൾ ചിന്തിക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് അവ വാക്കുകളിലൂടെ അവതരിപ്പിക്കുക എന്നതും. ജീവിത നവീകരണത്തിനും ആത്മീയ ഉണർവിനും സഹായിക്കുന്ന സംഭാഷണം നമ്മിൽ ഊറിനിന്നാൽ അതു സാവധാനം നമ്മുടെ അന്തഃരംഗത്തിൽ അലിഞ്ഞുചേർന്നുകൊള്ളും. നിഷേധാത്മകമായ സംഭാഷണത്തിന് നിഷേധാത്മകമായ സ്വാധീനമായിരിക്കും നമ്മുടെ ജീവിതവീക്ഷണത്തിന്മേലുണ്ടാകുക എന്നതും വിസ്മരിക്കരുത്. ശുഭപ്രതീക്ഷ നൽകുന്നതും പ്രചോദനാത്മകവുമായ വാക്കുകളും ശൈലികളും ആശയങ്ങളുമൊക്കെ നമ്മുടെ സംഭാഷണത്തിൽ കടന്നുവന്നിരുന്നെങ്കിൽ നമ്മുടെ ജീവിതം നാം അറിയാതെതന്നെ എത്ര ഉന്മേഷകരമാകുമായിരുന്നു! ജീവിതത്തിലെ പ്രതിബന്ധങ്ങളെ നേരിടുവാൻ അവ തീർച്ചയായും നമുക്കു കരുത്തു പകരുമായിരുന്നു.

നാം മനസുവച്ചാൽ നമ്മുടെ സംസാരത്തിലൂടെ എത്രയോ പേരെ നമുക്കു സന്തോഷിപ്പിക്കാനാവും. തമാശ പറഞ്ഞു കുടുകുടെ ചിരിപ്പിക്കുന്നതിനെക്കുറിച്ചു മാത്രമല്ല ഇവിടെ വിവക്ഷിക്കുന്നത്. മുഖസ്തുതി പറഞ്ഞു രസിപ്പിക്കുന്നതിനെക്കുറിച്ച് ഇവിടെ അല്പം പോലും സൂചനയില്ല. മുഖസ്തുതി ആത്മാർത്ഥതയില്ലായ്മയുടെ പര്യായമാണല്ലോ. പക്ഷേ, മറ്റുള്ളവരിലെ നല്ല കാര്യങ്ങൾ അംഗീകരിക്കുന്നതും ആദരിക്കുന്നതും അവ വിവേകത്തോടെ എടുത്തുപറയുന്നതും മുഖസ്തുതിയാണെന്നു തെറ്റിദ്ധരിക്കേണ്ട. ആത്മാർത്ഥതയുള്ളവർക്കേ അങ്ങനെ ചെയ്യാനാവൂ.




☺ അന്ന് ആത്മീയം എന്നത് വിശ്വാസത്തിന്റെ പ്രതീകം ആയിരുന്നെങ്കിൽ ഇന്ന്.

*വി.എ.തോമസുകുട്ടി,മുള്ളിപ്ര,കാരകുളം,തിരുവനന്തപുരം*

☹ **അലമ്പിന്റേയും അലസതയുടെയും**

☺ ആത്മീയ ഉന്നതിയിൽ നിന്ന വിശ്വാസികൾ ഇന്ന്.

*ടി.യു.ഉതുപ്പാൻ, വടവാതൂർ,കോട്ടയം*

☹ **തോന്ന്യവാസികൾ**

☺ സ്നേഹിക്കാനൊരു മനസും താലോലിക്കാൻ രണ്ട് കൈകളുമുണ്ടെങ്കിൽ കുടുംബജീവിതം രക്ഷപെടുമോ.

*ജോൺ വർഗ്ഗീസ്, പൈങ്ങൂട്ടി, ഇലഞ്ഞി,പിറവം*

☹ **അതുകൊണ്ട് ഒന്നു രണ്ടു ദിവസം അഡ്ജസ്റ്റ് ചെയ്യാം.**

☺ ദൈവശാസ്ത്രം പഠിച്ചവൻ, ശാസ്ത്രം പഠിക്കാൻ പോയാൽ.

*മേഴ്സി കുര്യൻ, വെളിയന്നൂർ, തൃശൂർ*

☹ **വട്ടായിപോകും**

☺ ശാസ്ത്രജ്ഞൻ ബുൾഗാൻ താടിവയ്ക്കുന്നു. ദൈവശാസ്ത്രജ്ഞന് അതില്ലാത്തതെന്തേ.

*അക്സാ ചെറിയാൻ,കോടികുളം,പാറപ്പുഴ,തൊടുപുഴ*

☹ **അവർക്ക് താടിവച്ച് ആളെ പേടിപ്പിക്കേണ്ടതില്ല.**

☺ ആത്മീയ നേതൃത്വം ആത്മീയത്തെ....

*പി.എം.ജോയിക്കുട്ടി,നെല്ലിമുകൾ,അടൂർ,പത്തനംതിട്ട*

☹ **കുരുട്ടുബുദ്ധിയിൽ അപഥസഞ്ചാരത്തിന്റെ ഊടുവഴിയാക്കി.**

☺ കിട്ടാത്ത മുന്തിരി മാത്രമല്ല, താങ്കൾക്ക് കിട്ടിയ മുന്തിരിയും പുളിയാണെന്നു വന്നാൽ.

*കെ.എം.ചെറിയാൻ, കാരയ്ക്കാട്,കോട്ട,പത്തനംതിട്ട*

☹ **വൈൻ ഉണ്ടാക്കും**

☺ വചനം നേരെ ചൊവ്വേ പറയുന്നത് കേൾക്കാൻ ആളില്ല. അതേസമയം ഇളക്കപ്പെരുക്കം ഉള്ളിടത്ത് ആളുണ്ട്. കാരണം.

*മാത്യു ജോസഫ്,കാരിക്കയം,പടയണിപ്പാറ,ചിറ്റാർ*

☹ **ജനത്തിന് ഒരു കുളിരും പെരുപ്പും മതി.**




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally